THE CHURCH WEEKLY

Vol IX | SUNDAY 17TH JULY 1955 | PRICE 2 ANNAS A COPY | NO. 28

HOW GOD GUIDES

By F: W. Boreham

At two most crucial points Christianity fearlessly challenges experiment and bravely dares a test. The first is in the matter of *Prayer;* the second is in the matter of *Guidance.* If it can be proved that the great Father ever allows any of His children to cry to Him in vain, or if it can be shown that He leaves any of them to stumble as best they can in the dark, then Christianity has broken down. It stands exposed and exploded. But can it?

We have all known the torture of indecision. To buy or not to buy? To accept or to decline? To go or stay? It is dreadful. Now, are we justified, at such seasons of peplexity, in expecting to hear a guiding voice, or to discern a shining light, or to see a beckoning hand? Must we plunge into the gloom, or may we follow the gleam! The twenty-third Psalm answers bravely; and in order that there may be no shadow of doubt about it, the Psalm repeats its answer: *He leadeth me! He leadeth me!*

In the rush and bustle of practical affairs, how may I receive the clear guidance that the Psalm so emphatically promises?

Has the *Bible* anything to say on the problem that distresses me? I do not suggest that a man should open the book at random and place his finger on any text that it happens to touch. But, from his knowledge of the Scriptures—their letter and their spirit—does any passage occur to him that makes his course more clear? Do they lay down any principle that covers his present case? If so, there is no more to be said.

In what direction do *circumstances* point? After all, circumstances do not marshal themselves. The events of each day—great and small—are divinely directed? And if they point steadily in a certain direction, their testimony must be heeded.

So must the witness of those inexplicable impressions that, at such a time, are often registered upon the hungry mind. This has never been put better than in "*Robinson Crusoe,*" the story of whose spiritual pilgrimage stands as one of the finest religious classics in our literature.

Soon after being cast upon his island, Crusoe was prostrated by serious illness. In his desperation, he resorted for a remedy to his old sea-chest, and found—a *Bible*! The Bible provided him with two sensations. It revealed One Who was able to save to the uttermost those who came unto God by Him—One Who could save his soul from sin, his body from sickness, sand his life from the savages. And it revealed One Who, by illuminating his strange path and enlightening his bewildered mind, could direct him in every moment of confusion and emergency.

Humbly and eagerly, Crusoe sought the divine guidance, and, in language that has never been excelled by Quaker or by mystic, he tells at length of those secret monitions given to his spirit, directing him, in opposition to his inclinations, to go this way or that To his instant and unquestioning response to those "secret hints and pressings of mind," Crusoe attributes his survival and deliverance The whole passage is a gem of spiritual autobiography.

From *Robinson Crusoe* to Paul is not so far a cry as it seems. There is nothing in the New Testament more dramatic than the great missionary's silent journey across Asia. He set his face towards the evangelization of the stately commercial capitals of the Easten world. But in each place he was "*forbidden of the Holy Ghost to preach the Word,*" and trudged on in stillness. "*The Spirit suffered him not.*" As the Quakers would say, "there was a stop in his mind against it."

I hear a voice you cannot hear,
Which says I must not stay;
I see a hand you cannot see,
Which beckons me away.

And the result of Paul's implict obedience to that mysterious inward restraint was — *Europe!* It shifted the balance of power and altered the face of the world. It was then that modern civilization began. As Benjamin Kidd has demonstrated, the great western empires sprang out of that extraordinary silence, that mystical submission.

It is ever so Carey planned to evangelise the South Seas. The inward monitor said India! Livingstone selected China The Voice said, Africa. And who that realizes what Europe has meant to the world, what Carey has meant to India, and what Livingstone has meant to Africa, shall doubt the wisdom of compliance with that secret dictate?

We have all had such experiences In the course of a long life, I myself have had many I recall one, almost at random I set off one afternoon on a round of visits. I knew exactly in which direction I was going, and had made a list of the homes at which I intended to call

A Sudden call

On my way to the tram I suddenly thought of a home in an entirely different direction. No visit to that home was due, and there was, so far as I knew, no reason why my mind should turn that way. But as I drew nearer to the tramline the impression deepended, and, absurd as it seemed, I decided to abandon my programme and make my way to that home.

To my astonishment, the door was answered by Dr. Player, a practitioner whom I knew well. "Oh, thank God you've come!" he exclaimed; "Mr. B— has just died very unexpectedly on my hands; Mrs. B—, whom I came to see, is ill in bed; and there's nobody else in the house and no telephone!"

I recognize that abstract impressions of this kind are treacherous. They should be treated guardedly, especially when they harmonise with one's desires and inclinations. It is perilously easy to justify a line of conduct by pleading that, "I felt led to do this, that, or the other!" I once heard Dr. A. T. Pierson say that a man may push a wheelbarrow and declare that it leads him!

It does not follow, on the contrary, that the line of inclination is the path to be avoided. God is love; He likes us to be happy; and He much more often gratifies than frustrates our desires. But impressions that synchronise with wishes should be suspected and tested.

Working under guidance

The life that, of all lives, was lived most perfectly in harmony with the will of God was a life that was guided at every turn. "*My time has not yet come,*" He said respectedly. He was working to a divine schedule. Everything was ordered, arranged, guided. He was led of the Spirit here, there, everywhere. He was even led of the Spirit into the wilderness to be tempted of the devil; and it was by the Eternal Spirit that He was led at last to Calvary.

He leadeth me—beside the still waters!

He leadeth me—in the paths of righteousness!

It is lovely to be led. The guided life has a glory of its own.

He leadeth me in the paths of righteousness—the paths of Piety, Probity and Purity, the paths marked out in the Ten Commandments, in the Golden rulei, in the Beatitudes, and in the exquisitely beautiful life of Jesus Himself. In living that life, He was fulfilling His role as the Good Shephered; in every word and deed and look and gesture He was leading His sheep.

No abstract system of morality has ever been devised that will enable men to walk those perfect paths. But in Jesus we have, not only a concrete example, but a living Leader. The sheep have but to follow closely at the heels of the Good Shepherd, exulting in His protective presence and listening to His familiar voice, and He will lead them in the paths that they long to tread, and will do it *for His own name's sake.*

× × ×

He leadeth me in the paths of righteousness for His name's sake. His reputation is concerned. What kind of a pilot is it that allows his ship to drift on to the reef whilst he is laughing and talking with his passengers? What kind of a nurse is it who allows her patient to suffer a serious relapse whilst she is engrossed in the exciting pages of a novel? What kind of an officer is it who leads his men into a cleverly-constructed ambush? And what kind of a shepherd is it who leads his flock astray among the mountains? His name suffers sadly whenever any of His sheep wander from the paths of righteousness.

For the shepherd, the sheep have a publicity value. The best advertisement of a product is the praise of those who use it. If the thing is really good, its inherent excellence will eventually secure its success.

Let those who follow the Good Shepherd impress men with the fact that they are treading the paths of righteousness—the paths of Piety, Probity and Purity; the paths of the Ten Commandments, the paths of the Golden Rule, the paths of the Beatitudes, the paths that Jesus walked in Galilee—and men will flock into the Kingdom of God as doves to their windows.

He leadeth—that is His prerogative and privilege to follow. He who exercises that prerogative and avails himself of that privilege ensures his safety and felicity in this world and in every other.

Condensed from The "Australian Baptist".

ജയഭാരതം ആര്യവൈദ്യശാല (Regd.)

H. O. പുനലൂർ.

ഏജൻസികൾ — അഞ്ചൽ, ആയൂർ, അടൂർ, കൊട്ടാരക്കര No 1 കൊട്ടാരക്കര No. 2, കുന്നിക്കോട്, കല്ലിശ്ശേരി, ചാത്തന്നൂർ, ചെങ്ങമനാട്, പത്തനംതിട്ട, ഹരിപ്പാട്

ആയുർവേദ ഔഷധസോപ്പുകൾ, വാജീകരണസുധ, ഉരമരുന്നു ഗുളിക, ദന്തധാത്രീ പൽപ്പൊടി, നാസികാചൂർണ്ണം, മാനസമിത്ര വടകം, തങ്കഭസ്മം തുടങ്ങിയ പ്രത്യേക ഔഷധങ്ങളും പ്രധാനപ്പെട്ട മറ്റ് എല്ലാ ആയുർവേദ ഔഷധങ്ങളും ഹെഡാഫീസിലും ബ്രാഞ്ചുകളിലും നിന്ന് മിതമായ വിലയ്ക്ക് ലഭിക്കുന്നതാണ്. ഏജൻസികളില്ലാത്ത സ്ഥലങ്ങളിൽ ഏജൻസി അനുവദിക്കുന്നതാണ്.

വൈദ്യൻ

പി. ഒ. തോമസ്, വൈദ്യകലാനിധി

പുനലൂർ

ചരിത്രപംക്തി. 8

മാർത്തോമ്മാശ്ളീഹായുടെ കൊല്ലംസന്ദർശനം

(പി. എം. പത്രോസ്. മുളന്തുരുത്തി)

ഇങ്ങിനെ ശ്ലീഹാ പ്രവർത്തിച്ചിട്ടുള്ള പല അത്ഭുതസംഗതികൾ ചിത്രങ്ങളായിട്ടുള്ള സ്റ്റെയിൻ ഗ്ലാസുകൾ പോർട്ടുഗൽ രാജ്യത്തു ധാരാളം ഉണ്ട്. സെൻറുതോമസു അപ്പസ്റ്റോലനും ഇൻഡ്യായും എന്ന ചരിത്രപുസ്തകത്തിൽ ചില ഭാഗത്തു ഇവയിൽ പലതും ചേർത്തു അവയുടെ ചുരുങ്ങിയ വിവരണങ്ങളും കൊടുത്തിരിക്കുന്നു. ഈ ചിത്രങ്ങൾക്കും സുറിയാനിക്രിസ്ത്യാനികളുടെ ഇടയിൽ പുരാതനകാലം തുടങ്ങി നടപ്പിലും പ്രചാരത്തിലും ഇരിക്കുന്ന തോമാശ്ലീഹായുടെ ചരിത്രം, കല്യാണപ്പാട്ടു, മാർതോമാശ്ലീഹായുടെ ചരിത്രസംക്ഷേപം, തോമ്മാപർവം, മാർഗ്ഗം കളിപ്പാട്ടു ആദിയായ പുസ്തകങ്ങളിൽ വിവരിച്ചിരിക്കുന്ന സംഗതികൾക്കും തമ്മിൽ അനേകതരത്തിലുള്ള സാമ്യം കാണ്മാനുണ്ട്. പ്രസ്തുത പുസ്തകം 262-ാം പുറത്തു കൊട്ടാരം പണിയിപ്പാൻ സമർത്ഥനായ ഒരു ശില്പിയെ കൊണ്ടുവരുവാൻ രാജാവു ഹാവാനോടു ആജ്ഞാപിക്കുന്നതും ടിപടം 2-ാം കള്ളിയിൽ ഇന്ത്യായിലേക്കു പോകുവാൻ ശ്ലീഹായോടു ഗുരു ഉപദേശിക്കുന്നതും 3-ാം കള്ളിയിൽ ശ്ലീഹായെ രാജാവിനു ലഭിച്ചതും 4-ാം കള്ളിയിൽ ഹാവാനൊന്നിച്ചു ശ്ലീഹാ ഇന്ത്യയിലേക്കു പോന്നതും 273-ാം വശത്തു 3-ാംവരിയിൽ വലത്തു 1-ാം കള്ളിയിൽ ഒരു കല്യാണവിരുന്നിൽ വെച്ച് ഒരു വേലക്കാരൻെറ കൈ ഒരു കടുവാ കടിച്ചു മുറിച്ചു കൊണ്ടുപോകുന്നതും ഈ ക്ഷണം ഒരു നായ് കടിച്ചുപിടിച്ചുകൊണ്ടുനിൽക്കുന്നതും 6-ാം കള്ളിയിൽ ഒരാൾ ശ്ലീഹായുടെ കവിളിൽ അടിക്കുന്നതും 7-ാം കള്ളിയിൽ ഒരു കാട്ടുമൃഗം ഒരാളെ കടിക്കുന്ന വിധവും ആണു കാണിച്ചിരിക്കുന്നതു്, 9-ാം കള്ളിയിൽ ശ്ലീഹാ രാജധാനിയിൽ നിൽക്കുന്നതും 10-ാം കള്ളിയിൽ സിദ്ധൻ രാജാവിനോടു പണം വാങ്ങിക്കുന്നതും അതു് പലർക്കായി വിതരണം ചെയ്യുന്ന വിധവും അതേ വശത്തു തന്നെ 8-ാം കള്ളിയിൽ രാജമന്ദിരപ്പണി ശ്ലീഹായെ ഏല്പിക്കുന്നതും 4-ാം കള്ളിയിൽ കൊട്ടാരത്തെപ്പറ്റി ശ്ലീഹാ ആകാശത്തേക്കു ചൂണ്ടിക്കാണിക്കുന്ന വിധവും ഇങ്ങിനെ അദ്ദേഹത്തിൻെറ ഇന്ത്യൻ സഞ്ചാരകാലത്തു പ്രവർത്തിച്ചിട്ടുള്ള അനേക സംഗതികളേയും സൂചിപ്പിക്കുന്നുണ്ട്. ഈ പടങ്ങൾ സകലരുടേയും ഗാഢമായ ശ്രദ്ധയെ ഏറ്റം ആകർഷിക്കത്തക്കവയാണ്. ഫ്റാൻസിൽ ടൂർ സുർജ് എന്നീ പള്ളികളിൽ സ്ഥാപിച്ചിട്ടുള്ള പടങ്ങളിൽനിന്നാണ് പ്രസ്തുത പുസ്തകത്തിൽ ഇവ ചേർത്തിട്ടുള്ളതു്. മലങ്കരയിൽ ശ്ലീഹായാൽ സ്ഥാപിക്കപ്പെട്ട ഏഴരപ്പള്ളികളിൽ ഒന്നു കൊല്ലത്തേതാണല്ലൊ. മലയാളക്കരയിൽ കൊരക്കേണികൊല്ലം പന്തലായനി കൊല്ലം എന്നിങ്ങിനെ രണ്ടു സ്ഥലങ്ങൾ ഉണ്ടല്ലൊ. ഇവയിൽ തെക്കുള്ള കൊരക്കോണി കൊല്ലത്താണു ശ്ലീഹാ പള്ളിസ്ഥാപിച്ചതു. മോർബോസാ എന്നൊരാൾ എ. ഡി. 1516-ൽ അദ്ദേഹത്തിൻെറ ഒരു യാത്രാ വിവരണം പ്രസിദ്ധീകരിച്ചിട്ടുണ്ട്. അതിൽ ഒരുഭാഗത്തു ഇങ്ങിനെയും കാണുന്നുണ്ട്. കടൽതീരത്തു കുറെക്കൂടി തെക്കു കൊല്ലം എന്നൊരു വലിയ പട്ടണം ഉണ്ട്. അതൊരു നല്ല തുറമുഖവും കൂടിയാണ്. അനേകം മഹമ്മദീയരും, ഹിന്ദുക്കളും ക്രിസ്ത്യാനികളും അവിടെ പാർക്കുന്നുണ്ട്. അവരിൽ മിക്കവരും ധനാഢ്യന്മാരും വർത്തകശ്രേഷ്ഠരുമാണ്. അവരുടെ സ്വന്തമായി ധാരാളം ഉരുക്കൾ ഉണ്ടു. ഈ കപ്പലുകൾ മാർഗ്ഗം അവർ ചോഴമണ്ഡലം, സിലോൺദ്വീപു, ബങ്കാൾ, മലാക്കാ, സുമാത്രാ എന്നീ സ്ഥലങ്ങളുമായി വമ്പിച്ച കച്ചവടം നടത്തി വരുന്നു. എന്നാൽ ഉത്തരഭാഗത്തുള്ള കാമ്പെയുമായി ഇവർക്കു യാതൊരു വിധമായ കച്ചവടവും മററും ഇല്ല. ഈ പട്ടണത്തിൽ വിശേഷതരമായ കുരുമുളകും ധാരാളമായിട്ടുണ്ടു. ഇവിടെ നിന്നു അല്പം തെക്കുമാറി കടലിൽ ഒരു മുനമ്പുണ്ട്. മാർത്തോമാശ്ളീഹാ സ്വർഗ്ഗാരോഹണം ചെയ്യുന്നതിനു മുമ്പു അത്ഭുതകരമാംവണ്ണം പണിയിച്ച ഒരു വലിയ പള്ളിയും അതിൽ സ്ഥിതി ചെയ്യുന്നു. ഈ അത്ഭുതം ഇന്നതാണെന്നും കൂടി അദ്ദേഹം രേഖപ്പെടുത്തിയിട്ടുണ്ട്. മലനാട്ടുകാരായ ഏതാനും കൂട്ടുകാരൊന്നിച്ചു ശ്ളീഹാ കൊല്ലത്തു വന്നു പാർത്തിരുന്നു. അപ്പോൾ ഒരു ദിവസം ഒരു വലിയ തടി അവിടെ കടൽപ്പുറത്തു അടിഞ്ഞു കയറുന്നതിനിടയായി. ജനങ്ങൾ ചെന്നു വിവരം രാജാവിനെ അറിയിച്ചു. അതു വലിച്ചു കരയ്ക്കു കയററുന്നതിനായി അദ്ദേഹം വളരെ ആളുകളെയും ആനകളേയും അയച്ചുകൊടുത്തു. തടി അനക്കാൻ പോലും ഇവർക്കു ആർക്കും കഴിഞ്ഞില്ല. ഈ വിവരം അറിഞ്ഞു ശ്ലീഹായും രാജസന്നിധിയിൽ എത്തി. ആ തടി ഞാൻ വലിച്ചെടുപ്പാൻ അ

THE BANK OF NEW INDIA Ltd.

ASSURES

EFFICIENCY AND SAFETY

OFFERS

BANKING FACILITIES OF ALL KINDS

Chairman: **K. GEORGE, B. A**

Other Directors:

Sri. E. J. Philipose B. A. B. L.
,, P. T. Varughese,
,, C. K. Therakath

Sri. N. O. Inasu,
,, P. K. Chacko
P. C. Kurian, M. A. B. L.,

General Manager: **Sri. K. E. CHERIAN**

H. O. TRIVANDRUM-1.

BRANCHES: 17 in T. [illegible] STATE.

യുവജനപംക്തി

വി. യോഹന്നാന്റെ സുവിശേഷം എഴുതുന്ന കാലത്തുള്ള ജനങ്ങളുടെ പരിതസ്ഥിതികൾ

കന്യകയിൽനിന്നുള്ള ജനനം, പരീക്ഷ, മാമ്മോദീസാ, തിരുവത്താഴം, മറുരൂപം, കഷ്ടപ്പാട്, സ്വർഗ്ഗാരോഹണം മുതലായ കാര്യങ്ങൾ ഒന്നും തന്നെ ഈ സുവിശേഷത്തിൽ വിവരിച്ചിട്ടില്ല. ഇവയെല്ലാം എന്തുകൊണ്ടാണ് വിട്ടുകളഞ്ഞിരിക്കുന്നതെന്നു ചോദിച്ചേക്കാം. യേശു മിശിഹായാണെന്നും നിത്യനായ വചനമാണെന്നും ആരംഭത്തിൽതന്നെ സമ്മതിച്ചിരിക്കുന്നു. മററു മൂന്നു സുവിശേഷങ്ങളിലും ക്രമാഗതമായിട്ടാണ് യേശു, മിശിഹായാണെന്നുള്ള സത്യം വെളിപ്പെടുത്തുന്നത്. പ്രത്യേകസംഭവങ്ങൾ വിവരിക്കുന്നതിനേക്കാൾ അവയുടെ ആത്മീക അർത്ഥം നൽകുന്നതാണ് ആവശ്യമെന്നു വി. യോഹന്നാൻ വിചാരിച്ചു. യേശുക്രിസ്തുവിന്റെ ചരിത്രപരമായ ആളത്വത്തിനു പ്രാധാന്യം നൽകുവാൻ സുവിശേഷകൻ ശ്രമിക്കുന്നു. അതുകൊണ്ടു ദൈവപുത്രനായ മിശിഹായെയാണു ഈ സുവിശേഷത്തിൽ കൂടി നാം കാണുന്നതു്. യേശുക്രിസ്തുവിന്റെ ദൈവത്വം വെളിപ്പെടുത്തുന്നതിനാണു സുവിശേഷകൻ ശ്രമിക്കുന്നതെന്നു ഏതു ഭാഗം വായിച്ചാലും വ്യക്തമായി മനസ്സിലാക്കാം.

ഋതുകാലതത്വത്തെ സംബന്ധിച്ചു് ആദ്യത്തെ മൂന്നു സുവിശേഷങ്ങളിൽ പറയുന്ന രീതിയിലുള്ള യാതൊരു കാര്യങ്ങളും ഇതിൽ കാണുന്നില്ല. 14 മുതൽ 17 വരെയുള്ള അദ്ധ്യായങ്ങളിൽ വി. യോഹന്നാനു ഈ വിഷയത്തെ സംബന്ധിച്ചു പറയുവാനുള്ള കാര്യങ്ങൾ നാം വായിക്കുന്നു. സിനോപ്റ്റിക് സുവിശേഷങ്ങളിൽ ദൈവത്തിന്റെ നാടകീയമായ ഒരു വെളിപാടിനുവേണ്ടി കാത്തിരിക്കുന്നതായി നാം കാണുന്നു. എന്നാൽ വചനം ജഡമായി തീർന്നതോടുകൂടി ദൈവരാജ്യം വന്നു കഴിഞ്ഞിരിക്കുന്നുവെന്ന അർത്ഥത്തിലാണ് വി. യോഹന്നാൻ വിവരിക്കുന്നതു്. ദൈവം തന്നെത്തന്നെ ക്രിസ്തുവിൽക്കൂടി വെളിപ്പെടുത്തിയിരിക്കുന്നതിനാൽ പുത്രനിൽക്കൂടി പിതാവുമായുള്ള സംസർഗ്ഗം നമുക്കു സാദ്ധ്യമായിത്തീർന്നിരിക്കുന്നു. അങ്ങനെ യേശുക്രിസ്തുവിന്റെ അനുഭവങ്ങളിലേക്കു നാം കടന്നു തന്നേപ്പോലെ നാം ജീവിക്കുമ്പോൾ നമ്മുടെ പ്രത്യാശ അനുഭവവേദ്യമായിത്തീരുന്നു.

ഒന്നാംനൂററാണ്ടിന്റെ അന്തിമഘട്ടത്തിലോ, രണ്ടാംനൂററാണ്ടിന്റെ ആരംഭത്തിലോ ആയിരിക്കണം ഈ സുവിശേഷം എഴുതിയിട്ടുള്ളതു്. ഈ ഘട്ടത്തിൽ ക്രിസ്തുസഭ ക്രമാഗതമായി വികസിച്ചു ലോകത്തിന്റെ നാനാഭാഗങ്ങളിലേക്കു വളരുവാൻ തുടങ്ങി. യഹൂദന്മാരുടെ പരിധി വിട്ടു പുറജാതി രാജ്യങ്ങളിലും അനേകർ ക്രിസ്തുമതം സ്വീകരിച്ചു. അപ്പോസ്തോലിക സഭയുമായുള്ള ബന്ധം അല്പാല്പമായി കുറയുവാൻ തുടങ്ങി. പുതിയ ആളുകളും പുതിയ ചിന്താഗതികളും സഭയിൽ വളർന്നുവന്നു. യേശുക്രിസ്തുവിന്റെ ഉപദേശങ്ങളെത്തന്നെയും പല തരത്തിൽ വ്യാഖ്യാനിക്കുവാൻ തുടങ്ങി. അതുകൊണ്ടു് ഈ നൂതന പരിതസ്ഥിതിക്കനുസരണമായി വി. യോഹന്നാനു കർത്താവിന്റെ വചനങ്ങളെ വ്യാഖ്യാനിച്ചു ജനങ്ങളെ മനസ്സിലാക്കേണ്ടിയിരുന്നു. ദൈവവചനം ഓ

നുവദിക്കുന്നതായാൽ എന്നെ ഇവിടേക്കു അയച്ച നാഥനായ ദൈവത്തിന്റെ തിരുനാമമഹത്വത്തിനായി അതുകൊണ്ടു് ഒരു പള്ളി പണിയിക്കാൻ കുറേ സ്ഥലം തരാമോ എന്നു ചോദിച്ചു. രാജാവു ഉടനെതന്നെ അതിലേക്കു സന്തോഷപൂർവം അനുവാദവും കൊടുത്തു. ശ്ലീഹാ ചെന്നു തടി വലിച്ചു കരയ്ക്കു കയററി. രാജാവും കണ്ടുനിന്ന ജനക്കൂട്ടവും ഇതു കണ്ടു അത്യത്ഭുതപരവശരായി. അനേകം പേർ പല ഗജവീരന്മാരുടെ സഹായത്തോടു കൂടി അത്യദ്ധ്വാനം ചെയ്തിട്ടും കിടന്ന കിടപ്പിൽ നിന്നു ഒന്നു അനക്കാൻ കൂടി സാധിക്കാഞ്ഞ ആ തടി ഈ മനുഷ്യൻ നിഷ്പ്രയാസം വലിച്ചു കരകയററിയതു് കണ്ടു കാണികൾ അത്യത്ഭുതം പ്രദർശിപ്പിച്ചതിൽ ഒരു കൂട്ടർ ഇദ്ദേഹം തീർച്ചയായും ഒരു ദിവ്യ പുരുഷൻ തന്നെയാണെന്നു തീരുമാനിച്ചു. ഇതിനാൽ വളരെപ്പേർ വിശ്വസിച്ചു മാമ്മൂദീസാ കൈക്കൊണ്ടു ക്രിസ്ത്യാനികളായിത്തീർന്നു. ഈ ഒരു തടികൊണ്ടാണ് ആദ്യത്തെ കൊല്ലം പള്ളി പണിയിച്ചതു്. ആശാരിമാർക്കും കൂലിക്കാർക്കും കൂലികൊടുത്തതു് പണിനുറുക്കുകൾ ആണു്. ഓരോ മരക്കഷണവും ശ്ലീഹാ കൈകൊണ്ടെടുക്കുമ്പോൾ മരക്കഷണമെന്നു ആർക്കും തോന്നും. അതു പണിക്കാരുടെ കൈയിൽ കിട്ടുമ്പോൾ ഓരോ പൊൻപണവും ആയിത്തീർന്നിരുന്നു. ഇതും ആളുകളുടെ ഇടയിൽ അത്യത്ഭുതത്തിനു ഇടയാക്കി. ഇതുപോലെ തന്നെ കടൽക്കരയിൽ കിടന്ന മണൽ ചോറാക്കിയാണ് പണിക്കാർക്കു ഭക്ഷണം കൊടുത്തതു്. മണൽവാരി കൊട്ടകളിൽ നിറയ്ക്കുമ്പോൾ അതു സാധാരണ മണലാണെന്നു ആർക്കും തോന്നും. പാത്രത്തിൽ വിളമ്പുമ്പോൾ ചോറായിത്തീരുകയും ചെയ്തിരുന്നു. അടുപ്പത്തു വെച്ചിരുന്ന വെള്ളത്തിൽ വെറും മണൽ ശ്ലീഹായുടെ നിയോഗമനുസരിച്ചു വാരിക്കഴുകി ഇട്ടാൽ തിളച്ചു മറിയുന്നതു ഒന്നാംതരം ഊണരിയേക്കാൾ വിശേഷതരമായതായിരിക്കുമെന്നും ഇതേപററി പറഞ്ഞു കേട്ടിട്ടുണ്ടു്. ഈ സംഭവവും ജനതാമദ്ധ്യത്തിൽ അത്യത്ഭുതത്തേയും ശ്ലീഹായോടു് അത്യന്തം ബഹുമാനാദരവുകളേയും ഉളവാക്കി. ഈ അത്ഭുതപ്രവൃത്തികളും ഇതര സംഭവങ്ങളും കണ്ടു സിലോണിന്റെ അതിർത്തിവരെ വ്യാപിച്ചു കിടന്നിരുന്ന കൊല്ലംരാജ്യത്തെല്ലായിടത്തും അനേകം ഹിന്ദുക്കൾ ക്രിസ്ത്യാനികളായിത്തീർന്നു. അതിനാൽ രാജ്യമൊട്ടുക്കു ക്രിസ്ത്യാനികളുടെ വകയായി ഏകദേശം രണ്ടായിരത്തിൽ പരം വീടുകൾ ഹിന്ദുക്കളുടെ ഇടയിൽ ചിന്നിച്ചിതറി കിടക്കുന്നു. കുറേ പള്ളികളും അവരുടെ വകയായിട്ടുണ്ടു്. ക്രിസ്ത്യാനികൾ മിക്കവരും വേദോപദേശം ലഭിച്ചിട്ടില്ലാത്തവരുമാകുന്നു. ഇതു കൂടാതെയും മററു പല വിവരങ്ങളും പ്രസ്തുതപുസ്തകത്തിൽ അടങ്ങിയിട്ടുണ്ടു്. ഈ പുസ്തകത്തിനു തന്നെ ഇപ്പോൾ 450 കൊല്ലത്തെ പഴക്കവും ഉണ്ടു്. (കൂടുതൽ സംഗതികൾക്കു മലയാളമനോരമ പുസ്തകം 32 ലക്കം 13 പേജ് കാണുക) കൊല്ലത്തു ക്രിസ്ത്യാനിമാർഗ്ഗം ഉണ്ടായതു സെൻറുഫ്രാൻസീസു സേവിയറിന്റെ ആഗമനാനന്തരമാണെന്നുള്ള ചില ആധുനിക ചരിത്രകാരന്മാരുടെയും വിമർശകന്മാരുടെയും അഭിപ്രായം അസ്ഥാനത്താണെന്നു ഇതിൽ നിന്നു വ്യക്തമാവുന്നുണ്ടല്ലോ.

രോ കാലഘട്ടത്തിലേയ്ക്കു മാത്രമായിട്ട ല്ലാതെ അന്നന്നത്തെ പരിതസ്ഥിതി യ്ക്കനുസരണമായി ആവശ്യമായ ദൃഷ്ട നമുക്ക് എല്ലായ്പ്പോഴും നൽകുവാൻ തക്കവണ്ണം അർത്ഥവത്തായ പ്രമാണ ങ്ങളുടെ ഒരു സമാഹാരമാണല്ലോ. യാതൊരു കാലത്തും പരിതസ്ഥിതി യിലും അതിന്റെ അർത്ഥത്തിനും പ്രായോഗികതയ്ക്കും മാററു കുറഞ്ഞുപോ കുന്നതല്ല. പുറജാതിലോകം മനസ്സി ലാക്കി അതിനെ ബഹുമാനിക്കയും വില കല്പിക്കയും ചെയ്യത്തക്കവണ്ണം കർത്താവിന്റെ വചനങ്ങളെ വ്യാഖ്യാ നിക്കുവാനാണ് വി. യോഹന്നാൻ ശ്രമിച്ചതു്. അന്നന്നത്തെ പരിതസ്ഥി തിയ്ക്കനുസരണമായി വ്യാഖ്യാനിക്ക ണമെന്നുള്ളതുകൊണ്ടു ക്രിസ്തീയ തത്വ ങ്ങൾക്കു വിരുദ്ധമായ കാര്യങ്ങൾ അ തിനോടു കൂട്ടിച്ചേർക്കണമെന്നോ അ തിന്റെ മൂല്യത്തിനു ഭംഗം വരുത്തണ മെന്നോ അർത്ഥമാക്കരുതു്. പ്രത്യുത, കാലാകാലങ്ങളിൽ ലോകത്തിൽ കാണു ന്ന അനീതികളേയും അക്രമങ്ങളേയും ചെറുക്കുവാനുള്ള ധൈര്യം ദൈവ വചനത്തിൽനിന്നും ക്രിസ്ത്യാനികൾ ക്കു ലഭിക്കേണ്ടതാണ്.

അക്കാലത്തു സഭയുടെ ഏററവും വലിയ ശത്രുവായിരുന്നതു ഗ്നോസ്റ്റി സിസം (gnosticism) എന്നുള്ള വിശ്വാസമായിരുന്നു. ദൈവം ആത്മാ കനും ലോകം വസ്തുമയവുമായകാൽ ഇവ തമ്മിൽ യാതൊരു ബന്ധവും സാദ്ധ്യമല്ലെന്നാണ ഗ്നോസ്റ്റിക്കുകാർ (gnostics) വിശ്വസിച്ചിരുന്നതു്. അതുകൊണ്ടു ദൈവം മനുഷ്യനായി എന്നുള്ള തത്വം ഈ വിശ്വാസത്തിനു വളരെ വിപരീതമാണ്. യേശുക്രിസ്തു ദൈവപുത്രനല്ലെന്ന് അവർ വാദിച്ചു. യേശുക്രിസ്തു ഒരു മനുഷ്യൻ മാത്രമാ യിരുന്നുവെന്നും, തന്റെ മാമ്മോദീസാ യുടെ അവസരത്തിൽ ദൈവശക്തി തന്റെ മേൽ ആവസിച്ചുവെന്നും, ക്രൂശാരോഹണത്തിനുമുമ്പായി ഈ ശക്തി തന്നിൽനിന്നും വേർപെട്ടുപോ യെന്നും, അങ്ങനെ മരണം പ്രാപി ച്ചതു് ഒരു മനുഷ്യൻ മാത്രമായിരുന്നു വെന്നും അവർ പഠിപ്പിക്കുവാൻ തുട ങ്ങി. യേശുക്രിസ്തു യഥാർത്ഥ ദൈവമ ല്ലെന്നും ദൈവത്തിന്റെ ഒരു പ്രക ടനം മാത്രമായിരുന്നുവെന്നുമാണ് അ വർ വിശ്വസിച്ചതു്.

ഈ കാര്യങ്ങൾ സമ്മതിച്ചുകൊടുക്ക കയാണെങ്കിൽ ക്രിസ്തുമതം ഒരു ചരി ത്രമതമല്ലെന്നും ഏതാനും ചില തത്വ സംഹിതകളുടെ ഒരു സമാഹാരം മാത്ര മാണെന്നും വന്നുകൂടും. അതുകൊണ്ടു യേശുക്രിസ്തു ഒരു ചരിത്രപുരുഷനാ ണെന്നു തെളിയിക്കുവാനാണ വി. യോഹന്നാൻ പ്രധാനമായി ശ്രമിക്കു ന്നതു്. കൂടാതെ നമ്മുടെ അനുഭവങ്ങ ളിൽകൂടി നമുക്കു പ്രത്യക്ഷമാകുന്ന ജീവനുള്ള ക്രിസ്തു ഗലീലയിൽ താൻ പ്രവർത്തിച്ചുകൊണ്ടിരുന്നപ്പോഴെന്ന പോലെ തന്നെ യഥാർത്ഥമാണ്. ആദിമസഭയുടെ ജീവിതത്തിൽ ഈ അനുഭവം വളരെ വ്യക്തമായിരുന്നു. "കണ്ടാലും ലോകാവസാനത്തോളം എല്ലാ നാളും ഞാൻ നിങ്ങളോടുകൂടി യുണ്ടെ"ന്നു പറഞ്ഞവൻ അവരുടെ ഇടയിൽ ജീവിച്ചിരിക്കുന്നുവെന്നു പ്ര ത്യക്ഷമായ അടയാളങ്ങളാൽ അവർ തെളിയിച്ചു. സഭയുടെ വെളിച്ചത്തിൽ യേശുക്രിസ്തുവിനെ കാണുവാനാണ വി. യോഹന്നാൻ ശ്രമിക്കുന്നതു്. തന്റെ ജീവിതത്തേയും മരണത്തേയും കുറിച്ചല്ല, പിന്നീടുള്ള കാര്യങ്ങളേക്കു റിച്ചാണ് അദ്ദേഹം കൂടുതൽ വിവരി ക്കുന്നതു്. യേശുക്രിസ്തു യഥാർത്ഥമായി ദൈവപുത്രനായിരുന്നില്ലെങ്കിൽ വി ശ്വാസികളുടെ അനുഭവങ്ങൾക്ക് അ ർത്ഥം കല്പിക്കുവാൻ പ്രയാസമാണ്. ക്രിസ്തു ശാശ്വതമായ ഒരു ശക്തിയാ ണെന്നുള്ളതു് ഒരു വിശ്വാസമല്ല, പ്രത്യുത ഒരനുഭവമായിരുന്നു. അതു വെറും ചിന്തയിൽ മാത്രമുള്ളതല്ല. ക്രിസ്തു ശരീരത്തിൽ അവതരിച്ചു ലോകത്തിൽ ജീവിച്ചവനാണ്.

വി. പൗലൂസിന്റെ ഉപദേശങ്ങ ളുടെ വെളിച്ചത്തിലാണ് കർത്താവി ന്റെ ജീവിതത്തെ വി. യോഹന്നാൻ വ്യാഖ്യാനിക്കുന്നതു്. വി. പൗലൂസി ന്റെ പ്രവർത്തനങ്ങളുടെ ഒരു കേന്ദ്ര മായിരുന്നല്ലോ എഫേസൂസ്. അതു കൊണ്ടു് ആ സഭയുടെ വീക്ഷണഗതി മിക്കവാറും വി. പൗലൂസിന്റെ ഉപ ദേശങ്ങൾക്ക് അനുസരണമായിരുന്നു. ക്രിസ്തീയ അനുഭവങ്ങളെക്കുറിച്ചു വ്യ ക്തമായി പറയുവാൻ ആദ്യമായിശ്രമി ക്കുന്നതു വി. പൗലൂസാണ്. ഗ്രേക്കു രുടെ ചിന്താഗതിക്കനുസരണമായി സുവിശേഷത്തെ വ്യാഖ്യാനിക്കുവാ നാണ വി. യോഹന്നാൻ ശ്രമിക്കുന്ന തു്. യേശുക്രിസ്തു ദൈവപുത്രനാണെ ന്നും നമുക്കു ജീവനുണ്ടാകുവാൻ അവ നിൽ വിശ്വസിക്കണമെന്നുമുള്ളതാണ തന്റെ മനുഷ്യാവതാരത്തെ നാം അം ഗീകരിക്കുന്നതിന്റെ ആത്മികമായ അർത്ഥം.

യോഹന്നാൻസ്നാപകന്റെ ചിത്ര വും ഈ സുവിശേഷത്തിൽ മററു സു വിശേഷങ്ങളിൽനിന്നും ഭിന്നമാണ്. സ്നാപകനു വളരെയധികം പ്രാധാന്യം നൽകിയിരുന്ന ഒരു കൂട്ടം ജനങ്ങൾ എഫേസൂസിലുണ്ടായിരുന്നു. അതുകൊ ണ്ടു സുവിശേഷത്തിൽ വല ഭാഗത്തും യേശുവിനെ ഉയർത്തിക്കാണിക്കുവാനും സ്നാപകൻ ക്രിസ്തുവിനേക്കാൾ അപ്ര ധാനനാണെന്നു കാണിക്കുവാനും ശ്രമി ക്കുന്നുണ്ടു്. (1. 6, 3. 13) ഞാനോ കുറയേണം, അവനോ വളരേണം.

ബാങ്ക് ഓഫ് ഡെക്കാൻ ലിമിററഡ്

(1919-ൽ സ്ഥാപിക്കപ്പെട്ടതു്)

ബ്രാഞ്ചുകൾ. ആലപ്പുഴ, അമ്പലപ്പുഴ, അരൂർ, ചങ്ങനാശ്ശേരി, ചെങ്ങന്നൂർ, എടത്വാ, എറണാകുളം, ഹരിപ്പാട്ട്, കോട്ടയം, കുമരകം, കോന്നി, മാന്നാർ പുതുപ്പള്ളി, പുറമററം, പാമ്പാക്കുട. തിരുവല്ലാ, തലയോലപ്പറമ്പ്, തിരുവനന്തപുരം.

ഏജൻസികൾ. ആലുവാ, അതിരമ്പുഴ, ബോംബെ, ബാംഗ്ളൂർ, കൊച്ചി,കോഴിക്കോട്ട്, കൽക്കട്ടാ,കോയമ്പത്തൂർ, കണ്ണൂർ, ഈറോഡ്, ഫെയർഫീൽഡ്, ഹൈദ്രബാദ്, കോതമംഗലം, കുത്തിയതോട്, കോഴഞ്ചേരി, കായംകുളം, കാഞ്ഞിരപ്പള്ളി, മൂന്നാർ, മുണ്ടക്കയം, മൂവാററുപുഴ, മംഗലാപുരം. മധുര, മൈസൂർ, മാവേലിക്കര, മദ്രാസ്സ്, നാഗർകോവിൽ, നാഗപ്പൂർ, നൃൂഡഹി, പാലാ, പത്തനംതിട്ട, പാലക്കാട്ട്, പീരുമേട്, സെക്കൻഡ്രബാദ്, ചേർത്തല, കൊല്ലം, റാന്നി, സേലം, തിരുനൽവേലി, തൃശ്ശിനാപ്പള്ളി, തൊടുപുഴ, തൂത്തുക്കുടി, തൃശൂർ, വെക്കം, വെല്ലൂർ, വണ്ടിപ്പെരിയാർ.

ഞായർ	17	1
തിങ്കൾ	18	2
ചൊവ്വാ	19	3
ബുധൻ	20	4
വ്യാഴം	21	5
വെള്ളി	22	6
ശനി	23	7

Thought for the Week

At the Eucharist we, being gathered together before God, make remembrance of the sacrifice of Christ by repeating the very act with which He accompanied and interpreted His spiritual offering of it.

Archbishop Temple.

THE CHURCH WEEKLY

മിഷ്യനറി ബിഷപ്പിന് 13 രൂപ

വളരെ ഉത്തരവാദിത്വമുള്ള ഒരു കേന്ദ്രത്തിൽ നിന്നു് പ്രസിദ്ധീകരണാർത്ഥം ഞങ്ങൾക്കയച്ചു തന്ന ഒരു കുറിപ്പു താഴെച്ചേർക്കുന്നു.

"കഴിഞ്ഞ കാതോലിക്കാദിനപ്പിരിവിൽ നിന്നു മലബാർ ഭദ്രാസനത്തിലേക്കു 13 രൂപ അയച്ചുകൊടുത്തതു് ഇന്നലെ (7–7–55) കിട്ടി. പരിശുദ്ധ കാതോലിക്കാബാവാ തിരുമനസ്സുകൊണ്ടു് അയച്ചതാകയാൽ അതു സ്വീകരിക്കപ്പെട്ടു. അതാതു ഭദ്രാസനത്തിൽ പിരിയുന്ന സംഖ്യ അനുസരിച്ചുള്ള വീതമാണു മേല്പട്ടക്കാരനു കൊടുക്കുക. ഈ തോതനുസരിച്ചു കണ്ടനാടു ഭദ്രാസനത്തിനും മലബാർ ഭദ്രാസനത്തിനും വീതം തുലോം കുറഞ്ഞുപോകും. എന്തുകൊണ്ടെന്നാൽ കക്ഷിത്വം നിമിത്തം കണ്ടനാട്ടും കുടിയേററക്കാർ സാധുക്കളാകയാൽ മലബാറിലും പിരിവു കുറവാണ്. അതുകൊണ്ടാണ് ഒരു മെത്രാനു 13, വേറൊരു മെത്രാനു് 700 എന്നിങ്ങനെ കിട്ടുന്നതു്. "ഉള്ളവനു കൊടുക്കപ്പെടും". എങ്കിലും മേല്പട്ടക്കാർ എല്ലാവരും സഭയുടെ ആകുന്നുവല്ലോ. ഇപ്പോഴത്തെ വീതരീതി ന്യായമല്ലെന്നു് സമുദായസെക്രട്ടറി ഫാദർ കെ. പീലിപ്പോസ് തന്നെ സമ്മതിച്ചുപറഞ്ഞിട്ടുണ്ടു്. സ്ലീബാദാസന്മാരുടെ പുതിയ റിപ്പോർട്ടു നോക്കിയാൽ മലബാർ, കാനറ, കൂർഗ്ഗ് പള്ളികൾക്കായി 1660 രൂപ ചെലവാക്കിയിരിക്കുന്നതായി കാണാം. മിഷ്യനറിഷേവലപ്പു പിരിവിൽ നിന്നു് നൂറു രൂപ ആറു കൊല്ലം മുമ്പു കൊടുത്തിരുന്നു. അതിന്റെ ശേഷം ആ പതിവും നിന്നുപോയി. ആകയാൽ വീതിക്കുന്ന രീതി ഉടനെ വ്യത്യാസപ്പെടുത്തി സർവ മെത്രാന്മാർക്കും വീതസംഖ്യകൾ ഒരുപോലെ നൽകേണ്ടതാണ്."

എത്രയും ന്യായയുക്തമായ ഈ നിർദ്ദേശം സുന്നഹദോസിന്റെ പര്യാലോചനയ്ക്കും അനുകൂലമായ തീരുമാനത്തിനും വിധേയമാകുമെന്നു ഞങ്ങൾ വിശ്വസിക്കുന്നു. ഒരു പക്ഷേ ഈ വിഷയം തിരുമേനിമാരുടെയും കമ്മിററികളുടെയും ശ്രദ്ധയിൽപ്പെട്ടിരിക്കുന്ന ഒന്നായിരിക്കാം. എഴുനൂറു രൂപ കിട്ടുന്ന തിരുമേനിയുടെ തന്നെ ഒന്നോ രണ്ടോ മാസത്തെ ചെലവിനു തികയാത്ത ഒരു സംഖ്യയിൽ നിന്നെടുത്തു് തീരെ ഇല്ലാത്തവർക്കു കൊടുക്കുന്നതും അധികൃതർക്കു വിഷമമായി തോന്നാം. എന്നാൽ ഇങ്ങനെയുള്ള കാര്യങ്ങൾ കൈകാര്യം ചെയ്യുന്നതിൽ ക്രിസ്തീയമായ ഒരു തത്വവും, ആദർശവും നമുക്കു മാർഗ്ഗദർശകമായും മററുള്ളവർക്കു മാതൃകാപരമായും പ്രയോജനപ്പെടുമെന്നുള്ളതാണ് കാതലായ സംഗതി. കൂടുതൽ വരുമാനമുള്ള മഹാ ഇടവകകളും തിരുമേനിമാരും അത്രയും വരുമാനമില്ലാത്ത പുതിയ ഇടവകകളുടെ കാര്യത്തിൽ ശ്രദ്ധിക്കുന്നുവെന്നും ശ്രദ്ധിക്കേണ്ടതാണെന്നുമുള്ള ഒരു ക്രിസ്തീയ വഴക്കവും പാരമ്പര്യവും നമുക്കാവശ്യമാണ്. എങ്കിലേ 12000 പറ നെല്ലു പ്രതിവർഷം പാട്ടം കിട്ടുന്ന പള്ളികൾ രണ്ടു രൂപ വരുമാനമുള്ള പള്ളികളുടെ കാര്യത്തിൽ ശ്രദ്ധ ചെലുത്തണമെന്നുള്ള ധർമ്മബോധം വളരുകയുള്ളൂ. ഓർത്തഡോക്സ് സുറിയാനീ വിഭാഗത്തിൽ തന്നെ നാലു ലക്ഷത്തിൽ പരം ജനങ്ങളുണ്ടു്. പാത്രിയർക്കീസുപക്ഷത്തെ ജനങ്ങൾ കൂടാതെയാണ് ഈ സംഖ്യ. പ. കാതോലിക്കാബാവാതിരുമേനിയുൾപ്പെടെ പത്തു തിരുമേനിമാർ സമുദായം ഭരിക്കുവാൻ നിയുക്തരായിട്ടുണ്ടു്. ഒരു തിരുമേനിക്കു് ഇപ്പോഴത്തെ ജീവിതച്ചെലവുകൾ പരിഗണിച്ചാൽ അതിഥികൾ, പരിവാരങ്ങൾ, ആഫീസ് ചെലവുകൾ, അച്ചടി ഉൾപ്പെടെ കാര്യക്ഷമമായ അവരുടെ ജീവിതത്തിനും സൌകര്യങ്ങൾക്കുമായി പ്രതിമാസം 500 രൂപയെങ്കിലും വേണ്ടതാണ്. 250 രൂപ കാറിനും യാത്രച്ചെലവുകൾക്കും അലവൻസും വച്ചാൽ മാസം 750 രൂപ അവർക്കു് ആവശ്യമാണെന്നു കാണാം. ബാവാതിരുമേനിക്കു പ്രതിമാസം ആയിരം രൂപയെങ്കിലും ചെലവുകൾക്കായി വേണ്ടിവരും. അങ്ങനെ മെത്രാസന ചെലവുകൾക്കു പ്രതിവർഷം (750x12x9+1000x12)93000 രൂപ വേണം. ഇങ്ങനെയുള്ള ഒരു വമ്പിച്ച സംഖ്യ ആവശ്യമായ ഒരു സ്ഥാനത്തു് അതിന്റെ പത്തിലൊന്നുകൊണ്ടു കഴിഞ്ഞുകൂടാൻ ആവശ്യപ്പെട്ടാൽ അവരുടെ ജീവിതം എത്രമാത്രം കാര്യക്ഷമവും പ്രയോജനകരവുമായിത്തീരുമെന്നു് അവരെ തെരഞ്ഞെടുത്തു് മേല്പട്ട സ്ഥാനത്തു പ്രതിഷ്ഠിക്കുന്ന നാലുലക്ഷം ജനങ്ങൾ ചിന്താലോചിക്കേണ്ട ഒരു സംഗതിയാണ്. മേല്പട്ടക്കാർ കാര്യക്ഷമമായി പ്രവർത്തിച്ചാൽ 100 മുതൽ 250 രൂപയോ 300 രൂപയോ വരെ പ്രതിമാസശമ്പളം വാങ്ങുന്ന ഉത്തമന്മാരും, പരിശീലനം ലഭിച്ചവരും, സുശിക്ഷിതരുമായ ഒരു പുരോഹിതസംഘത്തെ സംഘടിപ്പിച്ചു് ഇടവകഭരണം ഇന്നത്തേതിൽ നിന്നു സുശിക്ഷിതവും കാര്യക്ഷമവും ആക്കിത്തീർക്കാൻ സാധിക്കും. എങ്കിൽ പുരോഹിതന്മാർ ഇതര ജോലികൾ തേടി പോകുകയില്ലായിരുന്നു. പട്ടിണി കിടക്കുന്ന അച്ചന്മാർ പള്ളിക്കൂടത്തിൽ പഠിപ്പിക്കുവാനും, ബാങ്കു നടത്തുവാനും, ചിട്ടി നടത്തുവാനും, തോട്ടം നടത്തുവാനുമൊക്കെ അനുവദിക്കാതെ മേല്പട്ടക്കാർ എന്തു ചെയ്യും. ഇങ്ങനെയുള്ള ദരിദ്രപരിതസ്ഥിതിയിൽ തുടരുവാൻ അഞ്ചപ്പംകൊണ്ടു് അയ്യായിരം പേരെ തീററിയ സഭാനാഥൻ ഉദ്ദേശിച്ചിരിക്കയില്ല. ദൈവത്തിന്റെ ജോലി നിർവ്വഹിക്കപ്പെടുന്നതു് ഇല്ലായ്മയിൽ കൂടെ വേണമോ? പക്ഷേ ദൈവത്തിന്റെ ജോലി ആയിരിക്കണം നാം ചെയ്യുന്നതു്. അവിടത്തെ തിരുനാമം പരിശുദ്ധമാക്കപ്പെടുവാനും, തന്റെ രാജ്യം സ്ഥാപിപ്പാനും, തന്റെ തിരുവിഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലുമാകുവാനും ശ്രമിക്കുന്നവർക്ക് ഇവയെല്ലാം നൽകപ്പെടുമെന്നുള്ള വാഗ്ദാനം നാം വിസ്മരിച്ചുകൂടാ. ഒരു പുതിയ വീക്ഷണഗതിയും, പ്രത്യാശയും നമ്മുടെ സഭാകാര്യങ്ങളിൽ പ്രകടമാകണം. സമുദായത്തിലെ ഓരോ അംഗവും ഉത്തരവാദിത്വപൂർവ്വം ചിന്തിക്കയും പ്രാർത്ഥിക്കയും പ്രവർത്തിക്കയും ചെയ്യേണ്ട ഒരു കർത്തവ്യത്തിലേക്കാണ് മിഷ്യനറി ബിഷപ്പിനു 13 രൂപ ലഭിച്ച വസ്തുത നമ്മെ ക്ഷണിക്കുന്നതു്.

പ്രതിവാരപ്രഭാഷണം(The Sermonfor the Week

പരീശന്റെ നീതിയിൽ കവിഞ്ഞ ക്രിസ്തീയ നീതി

(എം. ററി.)

വി. മത്തായി 5:20—26 വായിക്കുക.

നീതി (**Righteousness**) എന്ന പദം ഭക്തന്മാരായ യഹൂദന്മാരുടെ മതാനുഷ്ഠാനനിഷ്ഠയുടെ ഒരു പൊതു മാനദണ്ഡത്തെ വിവരിക്കുന്നതായിട്ടാണ് പ്രയോഗിക്കപ്പെട്ടിരിക്കുന്നതു്. ശാബതാചരണം മുതലായി ഇസ്രായേൽ ജനതയുടെ വ്യക്തിപരവും സാമൂഹ്യവുമായ ജീവിതത്തെ നിയന്ത്രിച്ചിരുന്ന അസംഖ്യം നിയമങ്ങളുടെ അനുഷ്ഠാനത്തെ ആസ്പദമാക്കി ഉള്ളതായിരുന്നു അവരുടെ "നീതി" "നിങ്ങളുടെ നീതി ശാസ്ത്രിമാരുടെയും പരീശന്മാരുടെയും നീതിയെ കവിയുന്നില്ലെങ്കിൽ നിങ്ങൾ സ്വർഗ്ഗരാജ്യത്തിൽ കടക്കയില്ല" എന്നു കർത്താവു തന്റെ ശിഷ്യന്മാരോടും മററുമായി പറയുകയുണ്ടായി. ശാസ്ത്രിമാരുടെയും പരീശന്മാരുടെയും നീതി ഏതുവിധത്തിലുള്ളതായിരുന്നു? ഒരു ക്രിസ്ത്യാനിയുടെ നീതി അതിൽ നിന്നും എങ്ങനെയാണ് വ്യത്യസ്തമായിരിക്കുന്നതു് ഇതാണു നമ്മുടെ ധ്യാനവിഷയം.

മതസംബന്ധമായ കാര്യങ്ങളിൽ വലിയനിഷ്ഠ പാലിച്ചിരുന്നവരായിരുന്നു പരീശന്മാർ. യഥാർത്ഥ ഭക്തിയും ആത്മാർത്ഥതയും ഉള്ള ആളുകൾ അവരുടെ ഇടയിലുമുണ്ടായിരുന്നു. എന്നാൽ പൊതുവെ നോക്കുമ്പോൾ ഒരു വലിയ കുഴപ്പം അവർക്കുണ്ടായിരുന്നു. മതത്തെ കേവല ബാഹ്യാചാരങ്ങളിൽ ഒതുക്കി നിർത്തി അവയുടെ നിയമപരമായ അനുഷ്ഠാനം കൊണ്ടു തൃപ്തി അടയുകയും അതുമൂലം ദൈവതിരുമുമ്പാകെയുംമനുഷ്യദൃഷ്ടിയിലും അവർ നീതിമാന്മാരാണെന്നു സ്വയം അഭിമാനിക്കയും ചെയ്തിരുന്നു എന്നുള്ളതായിരുന്നു ആ കുഴപ്പം. ഇങ്ങനെയുള്ള നീതിയല്ല മതത്തിന്റെ ലക്ഷ്യവും ഉദ്ദേശ്യവും എന്നു നമ്മുടെ കർത്താവു പഠിപ്പിച്ചു. ഒരു ആചാരത്തിന്റെയോ നിയമത്തിന്റെയോ അനുഷ്ഠാനം ശരിയാണോ ആവശ്യമാണോ എന്നു നിശ്ചയിക്കേണ്ടതു് അതു ഹൃദയത്തിന്റെയും ആന്തരികമായ താല്പര്യങ്ങളുടെയും യഥാർത്ഥസ്ഥിതിയെ പ്രതിബിംബിപ്പിക്കുന്നുണ്ടോഎന്നുള്ളതിനെ അനുസരിച്ചായിരിക്കണം. ഒരു പരീശന് നിയമപ്രകാരം നീതിമാനായിത്തീരുവാൻ ചില നിയമങ്ങളെ അക്ഷരംപ്രതി പാലിച്ചാൽ മതിയായിരുന്നു. ക്ളിപ്തസമയങ്ങളിലുള്ള പ്രാർത്ഥനകൾ 'എത്തിക്കുക', നിശ്ചിതരീതിയിൽ ശബതാചരിക്കുക, ദാനധർമ്മങ്ങൾ കൊടുക്കുക, ദേവാലയത്തിൽ നേർച്ചകാഴ്ചകൾ അർപ്പിക്കുക എന്നിവയെല്ലാം ചെയ്താൽ അതിലപ്പുറമായി ഒന്നും ആവശ്യമില്ലായിരുന്നു. ഈ ആദർശം എത്ര പൊള്ളയാണെന്നു കർത്താവു ചൂണ്ടിക്കാണിച്ചു. ഓട്ടുപാത്രങ്ങളുടെ പുറം തേച്ചു മിനുക്കി ഭംഗി പിടിപ്പിക്കുകയും അകം പൊടിയും അഴുക്കും ക്ളാവും നിറഞ്ഞതായി സൂക്ഷിക്കുകയും ചെയ്യുന്നതുപോലെയാണ് ഇതെന്നു താൻ പറഞ്ഞു. മനുഷ്യൻ പുറമേ നീതിമാനായതുകൊണ്ടുമതിയായില്ല. മനുഷ്യന്റെ ഹൃദയവും, രഹസ്യമായ ചിന്തകളും, ആന്തരീയ താല്പര്യങ്ങളും എല്ലാം ബാഹ്യമായനീതിക്കു ചേർന്നതായിരിക്കണം. ബാഹ്യമായ നീതി ആവശ്യമില്ല എന്നോ ആചാരാനുഷ്ഠാനങ്ങൾക്കു സ്ഥാനമില്ലെന്നോ കർത്താവു പറഞ്ഞില്ല. ക്രിസ്ത്യാനിയുടെ നീതി പരീശന്മാരുടെ നീതിയെ കവിഞ്ഞുള്ളതായിരിക്കണമെന്നാണ് താൻ പറഞ്ഞതു്. പരീശന്മാർ ചെയ്യുന്നതൊക്കെ ചെയ്യണം; എന്നാൽ അവർ ചെയ്യാതെ വിടുന്ന കാര്യങ്ങൾ നിങ്ങൾ വിട്ടുകളയരുതു് എന്നാണ് കർത്താവു കല്പിച്ചതു്. അതായതു് അവർക്കില്ലാതിരുന്ന ആന്തരീയത്വം ക്രിസ്ത്യാനിക്കുണ്ടാകണമെന്നു ചുരുക്കം. ഹൃദയവും ഉദ്ദേശവും ശുദ്ധമായിരിക്കണം; ഹൃദയത്തിലെ വികാരങ്ങളുടെ പ്രതിഫലനമായിരിക്കണം പുറമേയുള്ള ആചാരങ്ങളും പ്രവൃത്തികളും. പുറമേ ചിരിച്ചു കാണിക്കയും സ്നേഹം നടിക്കുകയും വിദ്വേഷവും വഴക്കും വച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നതു ഒരു ക്രിസ്ത്യാനിക്കു ചേർന്നതല്ല. അതുപോലെ തന്നെ മനുഷ്യരുടെ കണ്ണിൽ പൊടിയിടുവാൻ ഭക്തി പ്രകടിപ്പിക്കുകയും രഹസ്യജീവിതത്തിൽ എല്ലാവിധ അശുദ്ധിയും അക്രമവും അസത്യവും അനുവദിക്കുകയും ചെയ്യുന്നതു ക്രിസ്തീയമല്ല.

പരീശന്റെ സ്വാമിഭക്തി നിയമത്തോടായിരുന്നു; ക്രിസ്ത്യാനിയുടേതു് ക്രിസ്തുവിനോടും. നിയമം ഹൃദയത്തെയും ചിന്താജീവിതത്തെയും സ്പർശിക്കണമെന്നില്ല. ബാഹ്യമായ രീതിയിൽ മാത്രം നിയമം അനുസരിക്കാൻ അസാദ്ധ്യമല്ല. എന്നാൽ സകലം അറിയുന്നവനും നമ്മുടെ നിരന്തര സഖിയുമായ കർത്താവിനെ പ്രസാദിപ്പിക്കുകയാണ് ക്രിസ്ത്യാനിയുടെ ജീവിതോദ്ദേശവും ആചാരാനുഷ്ഠാനങ്ങളുടെയെല്ലാം ലക്ഷ്യവും എങ്കിൽ നമ്മുടെ പ്രഥമ കർത്തവ്യം ചിന്തകളെയും വികാരങ്ങളെയും ആഗ്രഹങ്ങളെയും കർത്താവിന്റെ ഹിതത്തിനു കീഴ്പ്പെടുത്തി നിയന്ത്രിക്കുക എന്നുള്ളതാണ്. ഹൃദയത്തെ യഥാസ്ഥാനപ്പെടുത്താതെയുള്ള ആചാരങ്ങൾ ദൈവത്തിനു പ്രസാദകരമായിരിക്കയില്ല എന്നു മാത്രമല്ല,അവ ക്രമേണ മനുഷ്യനെ അധഃപതിപ്പിക്കയും ചെയ്യും. നമ്മുടെ മതാനുഷ്ഠാനങ്ങളെയെല്ലാം ഈ തത്വത്തിന്റെ വെളിച്ചത്തിൽ നാം പരിശോധിച്ചു നോക്കണം. ശാസ്ത്രിമാരുടെയും പരീശന്മാരുടെയും നീതിയിൽ കവിഞ്ഞ ഒരു നീതി, അതായതു് ഹൃദയംഗമമായി കർത്താവിനെ സ്നേഹിക്കുകയും അനുസരിക്കുകയും ചെയ്യുന്നതു കൊണ്ടുണ്ടാകുന്ന ഹൃദയശുദ്ധി കവിഞ്ഞൊഴുകുന്ന ഒരു ജീവിതം, നമുക്കുണ്ടോ? അതോ നാമമാത്രമായ ക്രിസ്ത്യാനിത്വം മാത്രമാണോ നമ്മുടേതു്?.

കൊല ചെയ്യരുതു് എന്നുള്ള കല്പനയെ കർത്താവു വിശദീകരിക്കുന്നതെങ്ങനെ എന്നു നോക്കുക. കോപിക്കുന്നതും കോപസൂചകമായ വാക്കുകൾ പ്രയോഗിക്കുന്നതും കൊലചെയ്യുന്നതുപോലെ കുററകരമാണെന്നു താൻ പറയുന്നു. നീതിന്യായക്കോടതികൾ നിയമലംഘനത്തിനു നിർദ്ദേശിക്കപ്പെട്ടിട്ടുള്ള ശിക്ഷകൾ നൽകുന്നു. ഹൃദയത്തിന്റെ നില കണ്ടുപിടിക്കുവാൻ അവയ്ക്കു സാദ്ധ്യമല്ല. അതുകൊണ്ടു് ചിന്താപരമായ കുററങ്ങൾക്കു ശിക്ഷ നിശ്ചയിക്കുവാൻ മാനുഷിക കോടതികൾ അപ്രാപ്തങ്ങളാണ്. ദൈവം അങ്ങനെയല്ല. ദൈവം മനുഷ്യന്റെ ഹൃദയത്തിലെ വികാരങ്ങളെപ്പോലും പരിശോധിച്ചറിയുന്നു. ബാഹ്യമായ നീതികൊണ്ടു ദൈവം തൃപ്തിപ്പെടുന്നില്ല. സഹോദരനെ 'നിസ്സാരാ' എന്നോ 'മൂഢാ' എന്നോ വിളിക്കുന്ന മനോഭാവമാണ് കൊലപാതകം പോലെ ഭയങ്കരമായ പ്രവൃത്തിയുടെ ഉൽഭവസ്ഥാനം. ആ ഉൽഭവസ്ഥാനമാണ് ശുദ്ധീകരിക്കപ്പെടേണ്ടതു്.

അസീസ്സിയിലെ ഫ്രാൻസിസ് 36

ഫ്രാൻസിസിൻെറ പുതിയ സ്നേഹിതൻ

(എം. കുര്യൻ, കോതമംഗലം)

നീണ്ടു നിവർന്ന സുമുഖനായ ഒരു തേജസ്വി. പ്രേക്ഷകരെ ഹഠാദാകർഷിക്കത്തക്ക വശ്യഭാവം വദനത്തിൽ സ്ഫുരിക്കുന്നുണ്ട്. ഔൽകൃഷ്ട്യം ദ്യോതിപ്പിക്കുന്ന, തിളങ്ങുന്ന, കണ്ണുകൾ. എഴുപതു വസന്തങ്ങൾ കണ്ടു് ജീവിതചഷകം ആവോളം ആസ്വദിച്ച ഒരു സുഖിമാൻ. ജീവിതത്തിൽ സൗഖ്യവും ആദരോപചാരങ്ങളും അധികാരവുമല്ലാതെ മറ്റൊന്നും അറിഞ്ഞിട്ടില്ലാത്ത ഒരു പ്രഗൽഭമതി. ഔദാര്യവും സ്നേഹസൗമനസ്യവും അഭിവ്യഞ്ജിപ്പിക്കുന്ന മധുരപ്രകൃതി. അദ്ദേഹമാണ് ഓസ്റ്റിയയിലെ ബിഷപ്പായ കർദ്ദിനാൾ യൂഗോലിനോ. ഫ്രാൻസിസ്സിൻ ചരിത്രത്തിൽനിന്നു മാററി നിറുത്തിയാൽ, അദ്ദേഹം ഒരു മികച്ച വ്യക്തിയായി പ്രത്യക്ഷപ്പെടും. ആകർഷണീയനായ ഒരു മഹൽവ്യക്തി. ലൗകികമായി ഉന്നതസ്ഥാനിയാണ്. അഗാനിയിലെ പ്രഭു; കോന്തി പ്രഭുവംശത്തിലെ ഒരംഗം. അന്നു ഭരിച്ചിരുന്ന ഇന്നസെൻറു തൃതീയൻ മാർപ്പാപ്പായുടെ ഭാഗിനേയൻ എന്ന നില ഹ്യൂഗോലിനോയ്ക്കു സമുന്നതമായ ഒരു സ്ഥാനം നേടിക്കൊടുത്തു. മാത്രമല്ല ഓസ്റ്റിയായിലെയും വെല്ലെത്രിയിലെയും കർദ്ദിനാൾ ബിഷപ്പ് എന്ന നിലയിലും ഉത്തരമദ്ധ്യമ ഇററലിയിലെ പേപ്പൽ പ്രതിനിധിയെന്ന നിലയിലും അദ്ദേഹം അസൂയാർഹമായ ഒരു പദവിയിൽ ആരൂഢനായിരുന്നു. സുകുമാരമായ കളേബരത്തിനും ബഹുവിധമായ ലൗകികപ്രതാപങ്ങൾക്കും പുറമേ, ജന്മസിദ്ധമായ വാഗ്വിലാസവും, ബൊളോണാ, പാരീസ് എന്നീ വിദ്യാപീഠങ്ങളിൽ സമാർജ്ജിച്ച പാണ്ഡിത്യവും സ്വന്തം ആദ്ധ്യാത്മിക വെളിച്ചത്തിനനുരൂപമായ ഭക്തിയും അദ്ദേഹത്തിനുണ്ടായിരുന്നു. ഗാംഭീര്യമിയന്ന ആ ഔദ്യോഗികവേഷങ്ങൾക്കകത്ത് എവിടെയോ ഒരു കൊച്ചു വിശുദ്ധൻ, ഒരു മിസ്റ്റിക്ക്, ഫ്രാൻസിനെയും ക്ലാരയേയും കുറച്ചെങ്കിലും മനസ്സിലാക്കിയ, കുറഞ്ഞപക്ഷം ആകാംക്ഷാപൂർവം ആരാധിക്കുകയെങ്കിലും ചെയ്ത ഒരു വിശുദ്ധൻ—തളർന്നിടിഞ്ഞു ശ്വാസം വലിച്ചുകൊണ്ടിരുന്നുവെന്നതിൽ യാതൊരു സംശയവുമില്ല.

നിർഭാഗ്യവശാൽ, ഹ്യൂഗോലിനോ ഒരു പ്രായോഗിക മനുഷ്യനായിപ്പോയി. അതാണ് അദ്ദേഹത്തെ സംബന്ധിച്ചു ചൂണ്ടിക്കാണിക്കാവുന്ന പ്രധാന ദൌർബല്യം. പക്ഷേ ഒരു ക്രൈസ്തവനെ സംബന്ധിച്ചിടത്തോളം അതൊരു അപകടമാണ്. ഒരു ഫ്രാൻസിസ്സിനെ സംബന്ധിച്ചിടത്തോളം ഒരു മഹാവിപത്തും. ഒരു പ്രായോഗികബുദ്ധിയെന്ന നിലയിൽ ഹ്യൂഗോലിനോ ശിക്ഷണദണ്ഡിലും വാളിലും ദൃഢമായി വിശ്വസിച്ചു. കുററക്കാരനെയും ശിക്ഷകണ്ടു നിൽക്കുന്ന നീതിമാന്മാരേയും സംബന്ധിച്ചിടത്തോളം കഠിനശിക്ഷ ഒരു ദയാകൃത്യമാണെന്നു ഹ്യൂഗോലിനോ കരുതി. വേദവിപരീതികളെ നിർമ്മൂലമാക്കുന്നതിനുള്ള ഉത്തമോപാധികളായി 'ഇൻക്വിസിഷ"നും ഭയജനകമായ ദണ്ഡനവിധികളും അദ്ദേഹം സ്വീകരിച്ചു. പിൽക്കാലത്ത്, ഗ്രിഗറി നവമൻ പാപ്പാ എന്നിലയിൽ അദ്ദേഹം ആൽബിജൻസസ് തുടങ്ങിയ അവിശ്വാസികളുടെ നേർക്ക് അനുവർത്തിച്ച അതിനിഷ്ഠൂരങ്ങളായ കിരാതപീഡനങ്ങൾ ഇതിനുദാഹരണങ്ങളാണ്. "സഭയാകുന്ന മരത്തോപ്പിലെ ലബോനോൻ സീദാർ തരു"വെന്നു ഒരു പാപ്പാ അദ്ദേഹത്തെപ്പററി പറയുകയുണ്ടായി.

സംഘടനാപ്രവത്തനങ്ങൾ ഹ്യൂഗോലിനോയ്ക്കു പ്രിയംകരമായിരുന്നു. അതൊരു വലിയ വിപത്തായി പരിണമിച്ചുവെന്നു പറയാതെ തരമില്ല. ശിക്ഷണം അദ്ദേഹത്തിൻെറ ദൃഷ്ടിയിൽ ആരാദ്ധ്യമായിരുന്നു. പക്ഷേ അതു് സ്വയം ശിക്ഷണമാണെങ്കിൽ വേണ്ടില്ല. ഈ പ്രായോഗികബുദ്ധികൾ "ശിക്ഷണം" കൊണ്ടു മനസ്സിലാക്കുന്നതു് ബാഹ്യമായ ശിക്ഷകൾ നൽകി അടിച്ചേല്പിക്കുന്ന അനുസരണമാണ്. അതിൽ ആരാധിക്കത്തക്കതായി ഒന്നും തന്നെയില്ല. ചുരുക്കിപ്പറഞ്ഞാൽ, ഇന്നസെൻറു തൃതീയനെപ്പോലെ പണ്ഡിതനും രാജ്യതന്ത്രജ്ഞനും വമ്പിച്ച സൈന്യങ്ങളുടെ നിയന്താവുമായിരുന്ന കർദ്ദിനാൾ ഹ്യൂഗോലിനോ ഫ്രാൻസിസിനേക്കാൾ വളരെയധികം "ശക്തിമാ"നും "ബുദ്ധി"ശാലി (Clever)യുമായിരുന്നു. എന്നാൽ ആ യുവാവുമായി താരതമ്യപ്പെടുത്തുമ്പോൾ ആദ്ധ്യാത്മിക മണ്ഡലത്തിൽ അദ്ദേഹത്തെ ഏതും തീരിയാത്തവനായി പരിഗണിക്കേണ്ടിയിരിക്കുന്നു.

ഫ്രാൻസിസ്സിൻ സഹോദരന്മാരെ ആരെങ്കിലുമൊന്നു സംഘടിപ്പിക്കാൻ സമയമായെന്നു ഹ്യൂഗോലിനോ തീരുമാനിച്ചു. ആ ഫ്രാൻസിസ് ഒരു നല്ല യുവാവാണ്. ജീവിതനൈർമ്മല്യമുള്ള ഒരുത്തമ വ്യക്തി. പക്ഷേ അയാൾക്ക് ഒരു സംഘടന കെട്ടിയുറപ്പിക്കുന്നതിനുള്ള കഴിവ് അശേഷമില്ല. നല്ല സംഘടനാസാമർത്ഥ്യമുള്ള ആരെങ്കിലും—താൻ തന്നെയായാലെന്ത്?— അക്കാര്യത്തിൽ ശ്രദ്ധ ചെലുത്തിയാൽ തരക്കേടില്ല. ക്രിസ്തുവിൻെറ ചേകവരായി സഹോദരങ്ങളെ പറഞ്ഞയയ്ക്കുന്നതും ദാരിദ്ര്യോപാസനയും മറ്റും മനോഹരങ്ങളായ ആശയങ്ങളാണ്—കവിതാമയമുണ്ട്, സംശയമില്ല. പക്ഷേ, ഒട്ടൊക്കെ കിനാവുകാണലാണവ. എന്നിരിക്കിലും, അതിലൊരു ഉൽകൃഷ്ടവശമുള്ള നല്ല് ആരെങ്കിലും സമൂഹത്തെ ശരിയായി സംഘടിപ്പിക്കാനുണ്ടെങ്കിൽ അതു് വിശുദ്ധസഭയുടെ ഒരു വലിയ ശക്തിയാക്കിത്തീർക്കാം. ഹ്യൂഗോലിനോ ആത്മഗതം കൊണ്ടു.

"അതേ ശരിക്കു കൈകാര്യം ചെയ്യുന്ന പക്ഷം വമ്പിച്ച സാദ്ധ്യതകളുണ്ടാകാം. പിടി കുറേക്കൂടി മുറുക്കേണ്ടിയിരിക്കുന്നു. ഇത്ര വമ്പിച്ച ഒരു സമൂഹത്തിനു ശിക്ഷണം അത്യന്താപേക്ഷിതമാണ്. ആ ഫ്രാൻസിസുണ്ടല്ലോ—എന്നേക്കാൾ വളരെ മടങ്ങു വല

(ശേഷം 10—ാം പേജിൽ)

യാതൊരു വിധത്തിലുള്ള കോപമോ പകയോ പ്രതികാരചിന്തയോ മനസ്സിൽ വച്ചുകൊണ്ടിരിക്കുകയും അതേ സമയത്തു് നേർച്ചകൾ കഴിക്കുകയും പള്ളിയിൽ പോയി ആരാധനയിൽ സംബന്ധിക്കുകയും ചെയ്തതുകൊണ്ടു ഫലമില്ല. ആദ്യമായി സഹോദരനുമായുള്ള ബന്ധം ശരിപ്പെടുത്തണം. അതു കഴിഞ്ഞു മാത്രം നേർച്ചകളുമായി ദേവാലയത്തിലേക്കു പോകണം. നമ്മുടെ കർത്താവിൻെറ നിർദ്ദേശം നമ്മുടെ ജീവിതത്തിൽ പ്രായോഗികമാക്കാൻ നമുക്കു ശ്രമിക്കാം. അപ്പോൾ എന്തെല്ലാം വ്യതിയാനങ്ങളായിരിക്കും നമ്മുടെ ജീവിതത്തിലും സമുദായത്തിൻെറ ജീവിതത്തിലും ഉണ്ടാവുക! ദൈവം അതിനിടയാക്കട്ടെ.

വേദവായനക്കുറിപ്പുകൾ

നാലാം സുവിശേഷം

തിങ്കൾ. വി. യോഹ. 20. 1—10.

"ഒഴിഞ്ഞ ശവക്കല്ലറ" ക്രിസ്തീയവിശ്വാസത്തിന്റെ മൂലക്കല്ലുകളിലൊന്നാണു്. അതിന്റെ വിശ്വാസ്യതയെ ചോദ്യം ചെയ്യുന്നവർ അവിശ്വാസികളുടെയിടയിൽപ്പോലും ചുരുക്കമാണു്. ശത്രുക്കളാണു് ആ ശരീരം മോഷ്ടിച്ചതെങ്കിൽ ഉയർപ്പിലുള്ള വിശ്വാസത്തെ നശിപ്പിപ്പാൻ വേണ്ടി അവർ അതു പരസ്യമായി പ്രദർശിപ്പിക്കുമായിരുന്നു. അങ്ങിനെയെങ്കിൽ ശീലകൾ എടുത്തു മാറ്റേണ്ടയാവശ്യവും ഉണ്ടാവുകയില്ലായിരുന്നു. അതുകൊണ്ടു ക്രിസ്തീയവിശ്വാസത്തിന്റെ ശത്രുക്കൾപോലും ആ വാദമുഖം ഉന്നയിച്ചിട്ടില്ല.

തന്റെ ശിഷ്യന്മാരല്ല അങ്ങിനെ ചെയ്തതെന്നുള്ളതിന്നു് പല തെളിവുകളുണ്ടു്. ഒന്നു്, ഉയർപ്പിന്നു മുൻപുള്ള അവരുടെ മ്ലാനതയും ഉയർപ്പിങ്കലുള്ള അവരുടെ അത്ഭുതവും. രണ്ടു്, അവരുടെ ജീവിതം. വഞ്ചകന്മാരായിരുന്നു അവരെന്നു് അവരുടെ ജീവിതത്തെപ്പറ്റി അറിയാവുന്നവക്കു പറയുവാൻ സാദ്ധ്യമല്ല.

"കർത്താവു് ഉയർത്തു", ഇതിലത്രേ നമ്മുടെ പ്രത്യാശ.

ചൊവ്വാ. വി. യോഹ. 20. 1—10 (തുടർച്ച)

ഈ ഉയർപ്പിന്റെ ബാഹ്യരൂപത്തെപ്പറ്റി ധാരാളം അഭിപ്രായവ്യത്യാസമുണ്ടു്. ഒഴിഞ്ഞ ശവക്കല്ലറ മാത്രമല്ല യോഹന്നാൻശ്ലീഹായെ വിശ്വാസത്തിലേക്കു നയിച്ചതു്. പിന്നെയോ ശീലകളുടെ കിടപ്പുംകൂടിയത്രെ. തന്റെ ശരീരത്തെ ചുറ്റിയിരുന്ന നീണ്ട ശീലക്കഷണങ്ങൾ ചുറ്റഴിച്ചു വെച്ചിരിക്കുന്നതായല്ല കണ്ടതു്. പ്രത്യുത, അവ ചുറ്റിയിരുന്ന ആ ശരീരം പെട്ടെന്നില്ലാതായതുപോലെ ആ ശീലകൾ കിടക്കുന്നതായിട്ടാണു കണ്ടതെന്നു വേണം വിവരണത്തിൽ നിന്നും ധരിക്കുവാൻ. അടച്ചിരുന്ന മുറിയിൽ പ്രവേശിക്കുവാൻ വിഷമമില്ലാത്ത ആ മഹത്വീകൃതശരീരം മരണത്തിന്റെ പാശബന്ധങ്ങളെ നിഷ്ഫലങ്ങളാക്കിക്കൊണ്ടു് ഉയർത്തെഴുന്നേൽക്കുകയാണു ചെയ്തതു്.

ബുധൻ. വി. യോഹ. 20. 11—18.

ഒഴിഞ്ഞ ശവക്കല്ലറയേക്കാൾ പ്രധാനമായ മൂലക്കല്ലാണു് "ജീവനുള്ള കർത്താവു്". പക്ഷേ ഇതു ചരിത്രപുസ്തകങ്ങളിൽ കാണുന്നതോ, അവിശ്വാസികളാൽ സ്വീകരിക്കപ്പെടുന്നതോ ആയ ഒരു പരമാർത്ഥമല്ല. ക്രിസ്തീയവിശ്വാസം ചരിത്രത്തിൽ അധിഷ്ഠിതമാണു്. പക്ഷേ അതു ചരിത്രത്തിൽ മാത്രമല്ല നിൽക്കുന്നതു്. അതിന്റെ മുഴുവൻ വ്യാപ്തിയും അനുഭവമാകുന്നതു് വിശ്വാസം കൊണ്ടും അനുസരണം കൊണ്ടുമത്രേ.

കല്ലറയിൽ വന്ന ശിഷ്യന്മാർ യേശുവിനെക്കണ്ടില്ല. അവർ തിരിച്ചുപോയി. മഗ്ദലക്കാരി മറിയാം മാത്രം വിങ്ങിക്കരഞ്ഞുകൊണ്ടു് അവിടെ നിന്നിരുന്നു. നിരാശയുടേയും സങ്കടത്തിന്റേയും ആ നാഴികയിൽ, അവൾ പ്രത്യാശയുടെ മുന്നോടികളായ രണ്ടു മാലാഖമാരെക്കാണുന്നു. ഏറെത്താമസിയാതെ "മറിയയേ" എന്നുള്ള ആ മധുരാഹ്വാനവും.

ഇന്നും ആ ആഹ്വാനം നമ്മുടെ ചെവികളിൽ പതിക്കാനും മറിയയേപ്പോലെ "എന്റെ നാഥാ" എന്നു പ്രത്യാഹ്വാനം ചെയ്‌വാനും നമുക്കോരോരുത്തർക്കും ഇടവരട്ടെ.

വ്യാഴം. വി. യോഹ. 20. 11—18 (തുടർച്ച)

കർത്താവായ യേശുമിശിഹാ തന്റെ ഉയർപ്പിന്നു ശേഷം ആദ്യം പ്രത്യക്ഷപ്പെട്ടതു് സഭയുടെ ഔദ്യോഗിക തലവന്മാരായ ശ്ലീഹന്മാർക്കല്ലായിരുന്നു. പ്രത്യുത, സ്നേഹം നിറഞ്ഞ ഒരു ദരിദ്രസ്ത്രീയുടെ പൊട്ടിക്കരച്ചിലിന്റെ മുമ്പിലായിരുന്നു. സഭയുടെ ചരിത്രത്തിൽ മുഴുവൻ ദൈവത്തിന്റെ ശക്തി ആദ്യമായി പ്രത്യക്ഷപ്പെട്ടിട്ടുള്ളതു് ഔദ്യോഗികാധിപന്മാരിൽ നിന്നല്ല, ബലഹീനരും സാധാരണക്കാരുമായ ഭക്തന്മാരുടെ സ്നേഹവും വിശ്വാസവും നിറഞ്ഞ ഹൃദയങ്ങളിൽ നിന്നത്രേ.

എന്നാൽ ആ ഭക്തയോടു പോലും താൻ പറയുന്നതു് "എന്റെ കാൽ പിടിച്ചുകൊണ്ടു് അലസയായിരിക്കാതെ, പോയി എന്റെ സഹോദരന്മാരായ വിശ്വാസികളോടു് എന്റെ ഉയർപ്പിനേയും സ്വർഗ്ഗാരോഹണത്തേയും പറ്റി പ്രഖ്യാപിക്കുക" എന്നത്രേ.

വെള്ളി. വി. യോഹ. 20. 11—18 (തുടർച്ച)

"എന്നെ തൊടരുതു്." എന്തുകൊണ്ടു്? ഒന്നാമതു് കുറേക്കൂടെ ശരിയായ പരിഭാഷ, "എന്നെ തൊട്ടുകൊണ്ടിരിക്കരുതു്" എന്നാണു്. രണ്ടാമതു് അതിന്റെ അർത്ഥം മുഴുവനാകുന്നതു് അടുത്ത വാചകംകൂടെ വായിച്ചുകഴിയുമ്പോഴാണു്. യഥാർത്ഥത്തിൽ താനുമായുള്ള ബന്ധം, ഏകത്വം, സാദ്ധ്യമായിത്തീരുന്നതു് താൻ പിതാവിന്റെയടുക്കൽ കയറിപ്പോയിക്കഴിഞ്ഞതിന്നു ശേഷമാണു്. അപ്പോൾ മാത്രമേ, തന്റെ ശരീരരക്തങ്ങളുമായുള്ള സമ്പർക്കവും സംബന്ധവും നമുക്കു സാദ്ധ്യമാകയുള്ളൂ. അതുവരെ ഉയർത്തെഴുന്നേല്പിലുള്ള വിശ്വാസം ശിഷ്യന്മാരിൽ വളർത്തുകയെന്നുള്ളതാണാവശ്യം.

ഇന്നും താനുമായുള്ള സംബന്ധത്തിലും സഹവാസത്തിലും ജീവിതം കഴിക്കുവാനുള്ള സാഹചര്യങ്ങൾ നമുക്കുണ്ടായിട്ടും നാം തന്നെ അനുഭവിക്കാതെ കലഹത്തിലും പാപത്തിലും കഴിയുന്നതല്ലേ കഷ്ടം.

ശനി. വി. യോഹ. 20. 19—23.

ഞായറാഴ്ച വൈകുന്നേരമായപ്പോഴേക്കു് ഇനിയെന്താണുണ്ടാകുക എന്നുള്ള ഭയമാണു് പൊതുവേ ശിഷ്യന്മാരെ ബാധിച്ചിരിക്കുന്നതു്. നാഥനെ ക്രൂശിച്ചവർ തങ്ങളെ വെറുതെ വിടുമോ? നാഥനുയർത്തു എന്നു പറയുവാൻ അവർക്കു ധൈര്യമുണ്ടാകുമോ? ആശങ്കയും അസ്വാസ്ഥ്യതയും കൊണ്ടു് വിവശരായ ആ ശിഷ്യസംഘം അടച്ചവാതിലുകൾക്കു പിന്നിൽ അഭയം തേടുന്നു.

അപ്പോഴിതാ അവരുടെ നടുവിൽ അരുമനാഥൻ! വാതിലുകൾക്കവനെ മാറ്റിനിറുത്തുവാൻ സാധിക്കയില്ല. തന്റെ ശിഷ്യന്മാർ ഭയപ്പെടുമ്പോൾ താൻ അവരോടുകൂടെയുണ്ടു്. "നിങ്ങൾക്കു് സമാധാനം!"

ആ മേൽമാളികയിൽ നിന്നു പുറപ്പെട്ട സമാധാനം, ദുരിതത്തിന്റേയും ആശങ്കയുടേയും ആഴിയിൽ നിലകിട്ടാതെ വിഷമിക്കുന്ന മനുഷ്യനു് ഇന്നും ഭദ്രതയുടെ നൗകയായിത്തന്നെ അനുഭവപ്പെട്ടുകൊണ്ടിരിക്കുന്നു.

ചർച്ചവീക്കിലി വരിസംഖ്യ

(എപ്പോഴും മുൻകൂർ)

	രു. ണ. സ.
ഒരു വർഷത്തേക്കു്	6—0—0
ആറു മാസത്തേക്കു്	3—0—0
ഒററപ്രതി	0—2—0
ഇൻഡ്യയ്ക്കു വെളിയിൽ	0—8—0

(8—ാംപേജിൽ നിന്നു തുടർച്ച)

യ ഒരു മനുഷ്യനാണ്—പക്ഷേ അ ചെറുപ്പക്കാരനു ഒരു മുയലിനേപ്പോലും പാട്ടിലാക്കാൻ അറിഞ്ഞുകൂടാ. ശിക്ഷണം കൂടാതെ ഒരു കാര്യത്തിനും നടപ്പില്ല. എനിക്കു് അക്കാര്യം നിശ്ചയമാണ്. ആ കർദ്ദിനാൾ പോൾ ഉണ്ടായിരുന്നല്ലോ. ഇവരുടെ പ്രൊട്ടക്ടർ (സംരക്ഷകൻ)! അദ്ദേഹം ഫ്റാൻസിസിനേപ്പോലെ ഒരു നല്ല മനുഷ്യൻ. അയാളുടെ തലയും മേഘങ്ങളിലാണ്! കിനാവുകാണാൻ പററിയ രണ്ടു കൂട്ടുകാർ! പക്ഷേ പോൾ മരിച്ചു കഴിഞ്ഞ നിലയ്ക്ക്, ഇനിയും പ്രൊട്ടക്ടർ ആയി നിയമിക്കുന്നതു് എന്നേപ്പോലെ ആരെയെങ്കിലും ആയാൽ വേണ്ടില്ലെന്നു് എനിക്കു തോന്നുന്നു. ഫ്റാൻസിസും ഞാനും ചേർന്നാൽ നല്ലൊരു "ടീം" ആവും. ഫ്റാൻസിസിനു ഇല്ലാത്ത കഴിവുകൾ എനിക്കുണ്ടു്. ഇപ്പോൾ അശിക്ഷിതരായി അലഞ്ഞുതിരിയുന്ന ഈ സഹോദരന്മാരെ ശിക്ഷണം നൽകി സമരോത്സുകരായ ഒരു സൈന്യസമൂഹമാക്കി രൂപാന്തരപ്പെടുത്തുവാൻ എനിക്കു കഴിയും. ക്രിസ്തുമതത്തിൻെറ വിനയാർദ്രവും ശാന്തവും ത്യാഗാത്മകവുമായ വശം ലോകത്തിനു കാണിച്ചുകൊടുക്കുന്ന ഒരു പ്രേഷിത സമൂഹം എനിക്കു വളരെ ഇഷ്ടമാണ്. മതത്തിൻെറ ആ വശം ഊന്നിക്കാണിക്കേണ്ട കാലമായി. അങ്ങനെ വരുമ്പോൾ, വൈദികരുടെ ലോകമഹത്വത്തെപ്പററിയുള്ള ആരോപണങ്ങൾ വളരെ കുറയും. പലരും ചിന്തിക്കുന്നതുപോലെ ഞാൻ അടുത്ത പാപ്പായായി അവരോധിക്കപ്പെടുന്ന പക്ഷം, ഇങ്ങനെ ഒരു സമൂഹത്തെ എൻെറ കൈയിൽ കിട്ടണം! പവിത്രരും വിനയശീലരുമായ ഈ സന്യാസിമാരെ സഭയിൽ ഏററവും ഉയർന്ന സ്ഥാനങ്ങളിൽ പോലും നിയമിക്കണം. കേവലം ലോകസുഖാന്വേഷകരായി ആഡംബരജീവിതം നയിക്കുന്ന ഇന്നത്തെ വൈദികവൃന്ദത്തിനു് അവരൊരു സാധനപാഠമായിരിക്കും."

\+ + + +

ഫ്റാൻസിസ് ഫ്ളോറൻസിലെത്തിയപ്പോൾ യൂഗോലിനോ അവിടെയുണ്ടു്. തൻെറ സമൂഹത്തെ അതിൻെറ പാട്ടിനു വിട്ടേച്ചു് ഫ്റാൻസിസ് ഫ്റാൻസിൽ പോയി അപകടമരണം വരിക്കാൻ ഉദ്യുക്തനാവുന്നുവെന്ന ശ്രുതി അവിടവിടെ ഉയർന്നു കഴിഞ്ഞിരുന്നു. കർദ്ദിനാൾ ഫ്റാൻസിസിനെ ഒരു കൂടിക്കാഴ്ചയ്ക്കു ക്ഷണിച്ചു. ഹൃദയംഗമമായ ഒരു സ്വാഗതമാണു് ആ യുവാവിനെ കാത്തുനിന്നതു്.

സ്നേഹമയിയായ ഒരു സുഹൃത്തിനെ ലഭിച്ചതിൽ ഫ്റാൻസിസ് സന്തുഷ്ടനായി. സമൂഹത്തെപ്പററിയ ആശങ്കകളും സ്വന്തം കഴിവുകളെപ്പററിയ അവിശ്വാസവും മനസ്സിനെ മഥിച്ചു തുടങ്ങിയിരുന്ന ഫ്റാൻസിസ് സുശക്തനായ യൂഗോലിനോയുടെ സൗമനസ്യത്തിൻെറ മുമ്പിൽ കൃതജ്ഞതാബദ്ധനായി. ആദ്യനോട്ടത്തിൽ, ഫ്റാൻസിസ് യൂഗോലിനോയിൽ യഥാർത്ഥസ്നേഹവും താൽപ്പര്യവും മതഭക്തിയും മാത്രമേ കണ്ടുള്ളുവെന്നതാണു വാസ്തവം. യൂഗോലിനോയുടെ ബുദ്ധിശക്തിക്കു് സ്വയം വിധേയനാകുന്നതിൽ ഫ്റാൻസിസ് അപാകതയൊന്നും കണ്ടില്ല. ഒരു 'ജീനിയസ്സ്' പോയി ഇടത്തരക്കാരൻെറ പക്കൽ സഹായം തേടുകയായിരുന്നു അതു്. വിളക്കുപോയി മെഴുകുതിരിക്കു സമീപമിരുന്നു വായിക്കാൻ ശ്രമിക്കുന്നതിനു് തുല്യമായിരുന്നു അതു്. കുറേക്കാലം കഴിഞ്ഞു് ഫ്റാൻസിസ് എല്ലാം വ്യക്തമായി മനസ്സിലാക്കി, പക്ഷേ അപ്പോഴേക്കും ഇരുവരും തമ്മിൽ ഗാഢമായ ഒരു സൗഹൃദബന്ധം വളർന്നു വേരുറച്ചു കഴിഞ്ഞിരുന്നു. ഇനിയുമതിൻെറ വേരറുത്തു കൂടാ. ഫ്റാൻസിസിനു് എന്നും ക്ഷമിക്കാൻ കഴിയും!

യൂഗോലിനോ തെരക്കി. "എന്താണു് ഫ്റാൻസിസ്, ഈ കേൾക്കുന്നതു്? ഫ്റാൻസിലേക്കു പോകുന്നെന്നോ? നിന്നെ ഇവിടെ ഇററലിയിൽ ആവശ്യമുണ്ടു്. ഞാൻ നിൻെറ സമൂഹത്തെ ആദരിക്കുന്നുണ്ടെങ്കിലും, ബിഷപ്പുമാരിൽ മിക്കവരും അതിനെ വിമർശിക്കുന്നതായി അറിഞ്ഞുകൂടേ? നിൻെറ സമൂഹം നാനാഭാഗത്തുനിന്നും ഭീഷണിപ്പെടുത്തപ്പെട്ടിരിക്കുന്നു. അതിൻെറ നേതാവിൻെറ സ്ഥാനം ഇററലിയിൽ തന്നെ."

"എൻെറ തിരുമേനി, പടനായകൻെറ സ്ഥാനം സൈന്യത്തിൻെറ പുരോഭാഗത്താണു്. എൻെറ സഹോദരന്മാരെ കഷ്ടപ്പാടുകളിലേക്കു പറഞ്ഞയച്ചിട്ടു് ഞാൻ വെറുതെ ഇരിക്കുകയോ?"

"ശരി, ശരി, അതൊരു നല്ല വികാരമാണു്. അക്കാര്യത്തിൽ ഞാൻ മുഴുവനായി യോജിക്കുന്നു. പക്ഷേ, ഞാനൊന്നു കടന്നു ചോദിച്ചോട്ടെ. ഈ സമയത്തു് സഹോദരന്മാരെ എന്തിനായി വിദേശത്തേക്കു പറഞ്ഞയയ്ക്കുന്നു? ഇററലിയിൽ ധാരാളം കാര്യങ്ങൾ ചെയ്തു തീർക്കാനുണ്ടല്ലോ. ഇററലിയിൽ നിങ്ങളുടെ നില കെട്ടിപ്പണിതുബലിഷ്ഠമാക്കിക്കഴിയുമ്പോൾ—"

തിരുമേനി, ക്ഷമിക്കണേ. "കെട്ടിപ്പണിതു ബലിഷ്ഠമാക്കുക" എന്നാലെ

India's Largest Composite Insurance Company

Chairman: A. D. SHROFF, Esq.

Vice-Chirman: J. R. D. Tata, Esq.,

★

New India Assurance Co. Ltd,.

H. O. BOMBAY.

West Coast Branch: Ernakulam.

Sub Offices: Trivandrum, Alleppey, Calicut, Mangalore, Coimbatore & Madura.

Bonus on with Profits Policies (last declared) for the period ending 31-12-53.

Whole-Life: Rs. 16 per thousand per annum
Endowment: Rs. 14 per thousand per mannu

അയ്യായിരം രൂപയുടെ പാമ്പുവടി

[ബിഷപ്പ് മാർ പത്രോസ് ഒസ്താത്തിയോസ്]

അറുപതു കൊല്ലം മുമ്പു അബ്ദൽ മിശിഹാ പാത്രിയർക്കീസ് ബാവായുടെ ഒരു കല്പന റീശീസാ അയപ്പാൻ പുലിക്കോട്ടു മാർ ദീവന്നാസ്യോസിനു വന്നു. വിവരം മററു മെത്രാന്മാരെ അറിയിച്ചു് പണം വരുത്തിയ ശേഷം തികയാത്ത പണം താനുണ്ടാക്കി ആകെ ആയിരം രൂപാ ബാവാക്കു അയച്ചു. അതു കിട്ടിയശേഷം വീണ്ടും ഒരു കല്പന നൂറു പവൻ വീതം ഓരോ മെത്രാനും അയക്കണമെന്നു മാർ ദീവന്നാസ്യോസിനു വന്നു. ഇതു് സാധിക്കുന്നതല്ലെന്നും മററും കാണിച്ചു് മാർ ദീവന്നാസ്യോസ് ഒരെഴുത്തു ശക്തിയുള്ള ഭാഷയിൽ മലയാളത്തിൽ തയ്യാറാക്കി സുറിയാനിയിലേക്കു തർജ്ജിമ ചെയ്യുവാൻ മലങ്കര മല്പാൻ കോനാട്ടു മാത്തൻ കത്തനാരെ ഏല്പിച്ചു. അദ്ദേഹത്തിന്റെ തർജ്ജിമശക്തി കുറഞ്ഞതായിരുന്നതുകൊണ്ടു അതു കീറിക്കളഞ്ഞ ശേഷം വീണ്ടും ആ എഴുത്തു അക്ഷരം പ്രതി തർജ്ജിമ ചെയ്യുവാൻ അദ്ദേഹം പരുമല മാർ ഗ്രീഗോറിയോസിന്റെ അടുക്കലേക്കു അയച്ചു. വലിയ മെത്രാപ്പോലീത്തായുടെ ആഗ്രഹമനുസരിച്ചു് മാർ ഗ്രീഗോറിയോസ് എഴുത്തു ശക്തിയുള്ള ഭാഷയിൽ തന്നെ തർജ്ജിമചെയ്തു് മാർ ദീവന്നാസ്യോസിനെ ഏല്പിക്കയും അതു വലിയ മെത്രാപ്പോലീത്താ മററു മൂന്നു മെത്രാന്മാരുടെ ഒപ്പുകളോടുകൂടി ശീമക്കു അയക്കുകയും ചെയ്തു. മാർ ഗ്രീഗോറിയോസ് മരണക്കിടക്കയിലായപ്പോൾ, താൻ തർജ്ജിമ ചെയ്തതു ശക്തിയുള്ള ഭാഷയിൽ ആയിരുന്നതുകൊണ്ടു പാത്രിയർക്കീസ്ബാവായുടെ ശാപം കൊണ്ടായിരിക്കുമോ തനിക്കു സുഖക്കേടു പിടിപ്പെട്ടിട്ടുള്ളതെന്നു അദ്ദേഹം മാർ ദീവന്നാസ്യോസിനോടു ചോദിക്കയുണ്ടായി. ഒരിക്കലും അല്ലെന്നും, അങ്ങനെ ശാപം വരുകയാണെങ്കിൽ എഴുത്തു എഴുതിയ തനിക്കാണു വരേണ്ടതെന്നും, തർജ്ജിമക്കാരനല്ല വരേണ്ടതെന്നും പറഞ്ഞു മാർ ദീവന്നാസ്യോസ് മാർ ഗ്രീഗോറിയോസിനെ ആശ്വസിപ്പിച്ചു.

വേറൊരു എഴുത്തു പറഞ്ഞുകൊടുത്തു് റൈട്ടർ ഇട്ട്യേര (ഇപ്പോൾ ഷൊറണൂർ റിട്ടയർഡ് റജിസ്ട്രാർ) എഴുതിക്കൊണ്ടിരിക്കുമ്പോൾ, ചുമരിൽ ഇരുന്ന മാർ അബ്ദൽ മിശിഹാ ബാവായുടെ ചിത്രം പെട്ടെന്നു താഴെ വീണു. മാർ ദീവന്നാസ്യോസ് ഇട്ടിയേരയുടെ മുഖത്തേക്കു ഒരു നോട്ടം! എഴുത്തു അവിടെ നിറുത്തി. അധികം താമസം കൂടാതെ ബാവായുടെ ഫർമാൻ തുർക്കി പിൻവലിച്ചിരിക്കുന്നു എന്നുള്ള വർത്തമാനം ഒരു ഇംഗ്ലീഷ് പത്രത്തിൽനിന്നു മലയാള മനോരമ പകർത്തി ഇട്ടിരുന്നു. ഊർശ്ലേം മെത്രാപ്പോലീത്തായുടെ നടപടിദൂഷ്യം പാത്രിയർക്കീസ് ശാസിച്ച കാരണം കൂട്ടുകെട്ടുണ്ടാക്കി തുർക്കിയെക്കൊണ്ടു ഫർമാൻ പിൻവലിപ്പിക്കയാണുണ്ടായതു്. 350 പവൻ മാർ അബ്ദുള്ളാ അഫൻഡി തുർക്കിക്കു കൈക്കൂലി കൊടുത്തു് അദ്ദേഹം പാത്രിയർക്കീസ് ആയിത്തീരുകയും ചെയ്തു. (See "Lesser Eastern Churches" by Adrian Fortescue)

കടവിൽ മെത്രാച്ചനും പരുമല മാർ ഗ്രീഗോറിയോസും കാലംചെയ്തിരിക്കുന്നു. പുലിക്കോട്ടു മെത്രാച്ചനും മുറിമററത്തു മെത്രാച്ചനും ഇങ്ങനെ രണ്ടു മെത്രാന്മാരേ മലങ്കരെയുള്ളു. അവർക്കു വയസ്സു 76, 74 ഇങ്ങനെയായി. രണ്ടുപേരെ ഊർശ്ലേമിലേക്കു അയച്ചു് മെത്രാൻ പട്ടം കെട്ടിച്ചു വരുത്തേണ്ടതു അത്യാവശ്യമായിരിക്കുന്നു. കോനാട്ടു മല്പാനെ അരികെവിളിച്ചു് വലിയ മെത്രാച്ചൻ ആലോചിക്കയാണ്, "രണ്ടു പേർ ആരാണു വേണ്ടതു്? എന്റെ കുടുംബത്തിൽ ആരേയും ഞാൻ കാണുന്നില്ല. താനാണെങ്കിൽ എല്ലാംകൊണ്ടും നന്നായിരുന്നു. താൻ പെണ്ണുകെട്ടരു

ന്താണ്? ഞങ്ങൾ ഇററലി മുഴുവൻ പ്രവിശ്യകളായി തിരിച്ചു് ആൾക്കാരെ നിയോഗിച്ചിട്ടുണ്ട്. ദൈവം നോക്കിക്കൊള്ളുമെന്നു വിശ്വസിച്ചു് അദ്ദേഹത്തിൽ ശരണീകരിക്കുകയല്ലാതെ ആ വഴിയിൽ മറെറാന്നും ചെയ്യുവാനുള്ളതായി ഞാൻ കാണുന്നില്ല. മററാരെയെങ്കിലും തടഞ്ഞു നിറുത്താനോ അവരോടു കലഹിക്കാനോ ഞങ്ങൾ ഉദ്ദേശിക്കുന്നില്ല. എന്തെങ്കിലും കാത്തുരക്ഷിക്കേണ്ടതായി ഞങ്ങൾക്കൊന്നുമില്ല. പിന്നെ എന്തുകൊണ്ട് ഞങ്ങൾക്കു പൊയ്ക്കൂടാ? ഇററലിയിൽ മാത്രമല്ല, ലോകമെങ്ങുമുള്ള ക്രിസ്ത്യാനികളുടെ—അല്ല, എല്ലാ മനുഷ്യരുടെയും—ആത്മാക്കളുടെ രക്ഷക്കുവേണ്ടി ഞങ്ങളെ ഈ ദൗത്യം ഭരമേൽപ്പിച്ചിരിക്കുന്നുവെന്നാണ് ഞങ്ങളുടെ വിശ്വാസം. കഴിവതുംവേഗം ഞങ്ങൾ വിജാതീയരുടെ അടുക്കലേക്കും പോകാൻ ഉദ്ദേശിക്കുന്നുണ്ടു്...."

"ഓ, ആയിക്കൊള്ളട്ടെ. നിങ്ങൾ കണ്ട ദർശനത്തെ പിന്തുടരുന്നതിൽ നിന്നു് നിങ്ങളെ പിന്തിരിപ്പിക്കാൻ ശ്രമിക്കുകയല്ല ഞാൻ. നിങ്ങളെ കഴിവുള്ളിടത്തോളം സഹായിക്കണമെന്നു മാത്രമാണെന്റെ ആഗ്രഹം. ഈ സന്ദർഭത്തിൽ നീ എവിടെയെങ്കിലും അപ്രത്യക്ഷനാവുകയോ നിർഭാഗ്യവശാൽ വധിക്കപ്പെടുകയോ ചെയ്യുന്ന പക്ഷം അതെന്തൊരു ബുദ്ധിമോശമായിരിക്കും! നിന്റെ പ്രാധാന്യം നീ ശരിക്കും മനസ്സിലാക്കുന്നില്ല. പുറത്തു നിൽക്കുന്ന ഞങ്ങൾക്കു് ഇക്കാര്യത്തിൽ രണ്ടഭിപ്രായമില്ല. ഞാൻ ഈ പറയുന്നതെല്ലാം പ്രായോഗികമായ സാമാന്യ ബുദ്ധി മാത്രമാണ്. നിങ്ങളുടെ സമൂഹത്തിന്റെ നന്മയെ കരുതി, അതൊന്നുകൂടി ദൃഢമായ അടിസ്ഥാനത്തിൽ ഉറച്ചു കിട്ടുന്നതു വരെ, ഫ്രാൻസിസ് കേന്ദ്രസ്ഥാനത്തു് ഉണ്ടായിരിക്കേണ്ടതു് അത്യന്താപേക്ഷിതമാണ്. എന്റെ അഭിപ്രായമാണതു്. എനിക്കു കഴിവുള്ളതു ചൊറുചൊറുക്കോടെ ഞാനതു് നിന്റെ മുമ്പിൽ വയ്ക്കുന്നു."

സദാ വിനയവും അനുസരണശീലവും കാണിക്കാൻ ആഗ്രഹിക്കുന്ന ഫ്രാൻസിസ് കർദ്ദിനാളിന്റെ നിർദ്ദേശത്തിനു കീഴടങ്ങി. ഒരു പക്ഷേ, ഫ്രാൻസ് പര്യടനാഭിലാഷം ദീർഘകാലമായി തനിക്കുണ്ടായിരുന്ന ആഗ്രഹം മാത്രമായിരിക്കാമെന്ന ശങ്ക ഫ്രാൻസിസിനുണ്ടായിരിക്കാം. പാസിഫിക്കോ തനിയേ ഫ്രാൻസിലേക്കു പോകേണ്ടിവന്നു.

അങ്ങനെ ഗുഗോലിനോ ഫ്രാൻസിസിനെ പുറന്തിരിപ്പിച്ചു. ഈ അവസരത്തിൽ അതു് ശരിയായിരുന്നിരിക്കാം. എന്നാൽ ആ സംഭവം ഒരു പ്രതീകമായി നിലകൊള്ളുന്നു. അത്യുത്തമമായ ലക്ഷ്യം മുമ്പിൽ വച്ചുകൊണ്ടു് ചെയ്തതായിരിക്കാമെങ്കിലും, ഗുഗോലിനോയുടെ അത്യന്തമുള്ള ചെയ്തികൾ ഫ്രാൻസിസിന്റെ ഖഡ്ഗത്തിന്റെ വായ്ത്തല കുറേശ്ശേ കുറേശ്ശേയായി മൂർച്ച കുറച്ചുകൊണ്ടിരുന്നു.

licence No. 498 Dated 20-8-1946 M.Reg. 85

THE CHURCH WEEKLY

തെന്നു അന്നു ഞാൻ പറഞ്ഞില്ലേ?
മല്ലപ്പള്ളി ഗീവറുഗീസ് റമ്പാൻ,
മുളന്തുരുത്തി കൊച്ചുപറമ്പിൽ പൌ
ലോസ് റമ്പാൻ (പിന്നീട്ട മാർ ക്രൂറി
ലോസ്) എന്നിവരാകട്ടെ. മൽപ്പാൻ
സമ്മതിച്ചു. ഇങ്ങനെ മെത്രാന്മാർ
ഉണ്ടായില്ലെങ്കിൽ സഭക്കു വൈധവ്യം
ഭവിക്കും. മററു സഭക്കാർ മലങ്കരസ
ഭയുടെ വൈധവ്യം കണ്ടുചിരിക്കും.
ഊർശ്ലേമിലേക്കു അവരെ അയപ്പാ
ൻ പണം വേണം. അബ്ദള്ളാ
പാത്രിയർക്കീസിൻെറ പണക്കൊതി
പുലിക്കോട്ടിൽ മെത്രാച്ചനു നല്ലവണ്ണം
അറിയാം. നല്ല സമ്മാനം കൊട്ടു
ത്തില്ലെങ്കിൽ സംഗതി നടക്കുകയില്ല.
ഉള്ള പണം പോരാഞ്ഞതിനാൽ ആ
യിരംരൂപാ പരുമലനിന്നും അഞ്ഞൂറു
രൂപാ പഴയ സിമ്മനാരിയിൽനിന്നും
എടുത്തു. അതുകൊണ്ടുമായില്ല, നെ
ടുവീർപ്പിട്ടുകൊണ്ടു തൻെറ വിലയേ
റിയ അംശവടി കൈക്കൂലിയായി
കൊടുത്തയപ്പാൻ മെത്രാപ്പോലീത്താ
തീരുമാനിച്ചു. രണ്ടു തലയുള്ള ആ
പാമ്പുവടിക്കു അയ്യായിരം രൂപാ വി
ലവരും. ആ വടിയുടെ തല മലങ്കര
യുള്ള പട്ടക്കാർ സമ്മാനിച്ച കുറെ
പവൻ കൊണ്ടുണ്ടാക്കിയതും തണ്ടു്
പുതുപ്പള്ളിയിലെ മേമ്പൂട്ടിലിരുന്ന കു
റെ അധികം സ്വർണ്ണം ഊതി ഊതി
വറുത്തു് തങ്കമാക്കി കരോട്ടു കുഞ്ഞു
വർക്കി മുഖാന്തരം തീർത്തതുമാണു്.
തീപോലെ ശോഭയുള്ള തണ്ടിനു ഒത്ത
നിറം തലയ്ക്കു ഇല്ലാഞ്ഞതിനാൽ ബോം
ബെയിൽ വെച്ചു തൊണ്ണൂറു രൂപാ
ചെലവു ചെയ്തു പി. ടി. ഗീവറുഗീസ്
ശെമ്മാശൻ (പിന്നീടു് മാർ ഈവാ
നിയോസ്") തലയ്ക്കു കൂടുതൽ നിറം
കൊടുപ്പിക്കയുണ്ടായി. റമ്പാന്മാരെ
രണ്ടുപേരേയും യാത്ര അയച്ച ശേ
ഷം പല രാത്രികളും മാർ ദീവന്നാ
സ്യോസ് ഉറക്കമില്ലാതെ കഴിച്ചുകൂ
ട്ടി. ഒടുവിൽ (Consecrated) മെ
ത്രാൻ പട്ടംകൊടുത്തു എന്നുള്ള കമ്പി
കിട്ടി. ഉടനെ പഴയ സിമ്മനാരി
യിൽ കൂട്ടമണി അടിച്ചു. കമ്പി
എം. ഡി. സിമ്മനാരിയിലേക്കു ഹെ
ഡ്മാസ്റ്റർ പി. ടി. ഗീവറുഗീസ്
ശെമ്മാശനു കൊടുത്തയച്ചു് സിമ്മനാ
രിക്കു ഒരു ദിവസത്തെ അവധി
നൽകി. മെത്രാന്മാർ ശീമയിൽനി
ന്നു തിരിയെ വന്നശേഷം പുലിക്കോ
ട്ടു മാർ ദീവന്നാസ്യോസ് കോട്ടയം
ചെറിയ പള്ളിയിൽവെച്ചു പുറത്തെ
പ്രമേഹക്കുരു നിമിത്തം കാലം ചെ
യ്തു. റൈട്ടർ ഇട്ടിയേര കരഞ്ഞുകൊ
ണ്ടിരുന്നപ്പോൾ കുമരകം ഡോക്ടർ
ഫിലിപ്പു പറകയാണു്, "ഇട്ടിയേര
കരയേണ്ട, മെത്രാച്ചൻ മരിച്ചതു ന
ന്നായി. മാർ അബ്ദള്ളാ പാത്രിയർ
ക്കീസുംബാവാ ഇങ്ങോട്ടു വരുന്നു. അ
ദ്ദേഹം വന്നു് മെത്രാച്ചനെ മുടക്കുന്ന
തിനു മുമ്പു കാലം ചെയ്തതു നന്നായി."
ലൌകികാധികാരം പാത്രിയർക്കീസി
നു ഇല്ലെന്നു കോടതി മുഖാന്തരം വ
രുത്തിവെച്ച കാരണത്താൽ പത്രോ
സ് പാത്രിയർക്കീസ് ബാവാ പുലി
ക്കോട്ടു മെത്രാച്ചനെ മുടക്കീട്ടുണ്ടു്.
ആ കൽപ്പന പുറത്തു എടുത്തിട്ടില്ലെ
ന്നേയുള്ളു. പത്രോസ് പാത്രിയർക്കീ
സ് മലയാളത്തുനിന്നു കപ്പൽ കയ
റാൻ ബോംബെയിലേക്കു മടങ്ങുമ്പോ
ൾ ചിലരുടെ ഏഷണി മൂലം ബാ
വാ ഒരു മുടക്കുകൂടി കൊടുത്തു. മെ
ത്രാച്ചനും ബാവായോടുകൂടെ തീവ
ണ്ടിയുടെ അടുത്ത മുറിയിൽ കയറി.
ബാവാ ഒന്നാംക്ലാസിൽ കയറി അം
ശവസ്ത്രം ഊരിയിട്ടു ഇരിപ്പായി.
ഒരു ബ്രിട്ടീഷ് കർണലിൻെറ ഇരി
പ്പിടമായിരുന്നു അതു്. അയാൾ ക
യറിവരുമ്പോൾ ഒരു മുസ്ളീം വൃ
ദ്ധൻ തൻെറ ഇരിപ്പിടത്തിൽ ഇരി
ക്കുന്നു. തമ്മിൽ കശപിശയായി.

ബാവാ വിശറികൊണ്ടു കർണലി
നെ ഒരടി. കർണൽ മുഷ്ടി ചുരു
ട്ടുന്നവേളയിൽ അടുത്ത മുറിയിൽ
നിന്നു മെത്രാച്ചൻ ഓടിവന്നു് രണ്ടു
പേരേയും പിടിച്ചു മാററി അതു പ
ല ബിഷപ്പന്മാരുടേയും മേലാവായ
അന്ത്യോഖ്യാ പാത്രിയർക്കീസാണെന്നു
കർണലിനെ അറിയിച്ചു് രമ്യപ്പെടു
ത്തി. ഈ ഉപകാരം നിമിത്തം ബാ
വാ മുടക്കു തൽക്ഷണം തീർത്തു. ശീ
മക്കാർക്കു മുടക്കാനും മുടക്കു തീർപ്പാ
നും വേഗം കഴിയും. നമ്മുടെ നാട്ടു
കാർക്കാണു മുടക്കുനിമിത്തം വേണ്ടാ
ത്ത വെപ്രാളം. ലൌകികാധികാരം
തിരിയെ റജിസ്റ്റർ ചെയ്തുകൊടു
ക്കാഞ്ഞതിനാൽ ആണല്ലോ മല്ലപ്പ
ള്ളി മെത്രാച്ചനെ ചിലരുടെ തലയി
ണ മന്ത്രം മൂലം സ്വാഭാവനീതിക്കുവി
രുദ്ധമായി അബ്ദള്ളാ പാത്രിയർ
ക്കീസ് മുടക്കിയതു്. പിന്നീടു് അ
ബ്ദൽ മിശിഹാ, യഥാർത്ഥസീനി
യർ പാത്രിയർക്കീസ്, മലയാളത്തു
എത്തി മുറിമററത്തിൽ മാർ ഈവാ
നിയോസിനു കാതോലിക്കാസ്ഥാനം
നൽകി മലങ്കരസഭയെ ശീമനുകത്തി
ൽ നിന്നു സ്വതന്ത്രയാക്കി. ഈ സ്വാ
തന്ത്ര്യത്തിനു സുപ്രീംകോടതി ഇപ്പോ
ൾ മുദ്രകുത്തുകയും ചെയ്തു. മേലാൽ
മെത്രാൻ സ്ഥാനത്തിനു കൈക്കൂലി
കൊടുക്കുകയോ നമുക്കു മുടക്കും വ്യവ
ഹാരവും ഭയപ്പെടുകയോ ചെയ്യേ
ണ്ട ആവശ്യമില്ല.

വിലയേറിയ ആ പാമ്പുവടി മല
ങ്കരസന്ദർശനത്തിൽ മാർ അബ്ദ
ള്ളാ ബാവായുടെ കൈയ്യിൽ ഉണ്ടായി
രുന്നു. ഇപ്പോൾ അതു ഇപ്പോഴത്തെ
പാത്രിയർക്കീസ് ബാവാ ഉപയോഗി
ക്കുന്നതായി കാതോലിക്കാബാവാ സ
മാധാനപുനസ്ഥാപനാർത്ഥം ഹോംസി
ലേക്കു പോയപ്പോൾ അവിടെവെച്ചു
കാണുകയുണ്ടായി. (പകർപ്പവകാശം)

Janatha Tile Works Kottayam.
ETTUMANOOR P. O.
ജനതാ ഓട്ടുകമ്പനി
മേൽത്തരം മേച്ചിലോടുകൾ മൂലയോടുകൾ, തറയോടുകൾ, കണ്ണാടി
യോടുകൾ, പുകയോടുകൾ, ചുടുകട്ടകൾ, ഇഷ്ടികകൾ പൂച്ചട്ടികൾ
OUR SURKI POWDER A SPECIALITY.
For further particulars please write to:
P. A. POONNEN,
Palampadam, Kottayam. or The Manager, Janatha Tile Works
Ettumanoor P. O.

Printed and Published by N M. Abrham B. A at the Malayala Manorama Press, Kottayam.